

# ജി-സ്യൂട്ട് പ്ലാറ്റ്ഫോം

## അധ്യാപക പരിശീലന മൊഡ്യൂൾ

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# ജി–സ്യൂട്ട് പ്ലാറ്റ്ഫോം

## അധ്യാപക പരിശീലന മൊഡ്യൂൾ

**ആമുഖം**

തുല്യതയും ഗുണനിലവാരവും ഉറപ്പാക്കിയുള്ള വിദ്യാഭ്യാസം എല്ലാ വിദ്യാർഥികൾക്കും ലഭ്യമാക്കുന്നതിന്റെ ഭാഗമായി വിവിധങ്ങളായ പദ്ധതികളാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനസർക്കാർ നമ്മുടെ പൊതുവിദ്യാലയങ്ങളിൽ ആവിഷ്ക്കരിച്ച് നടപ്പാക്കിയിരിക്കുന്നത്. കോവിഡ്-19 മഹാമാരി മാനവരാശിയുടെ ജീവിതക്രമത്തെ മാറ്റിമറിച്ചതോടൊപ്പം വിദ്യാഭ്യാസക്രമത്തെയും മാറ്റിമറിച്ചുകളഞ്ഞതായി നമുക്കറിയാം. സാമ്പ്രദായികമായി വിദ്യാഭ്യാസം നേടിയിരുന്ന 154 കോടി കുട്ടികളുടെ വിദ്യാഭ്യാസമാണ് യുനെസ്കോയുടെ കണക്കുകൾ പ്രകാരം ലോക്ഡൗണിനെ തുടർന്ന് ലോകമെമ്പാടുമായി മുടങ്ങിപ്പോയിരുന്നത്. ഈ അവസ്ഥയിൽനിന്ന് കോവിഡ് മൂലം കൈവന്ന പുതിയ അവസരങ്ങളെ ക്രിയാത്മകമായി പ്രയോജനപ്പെടുത്തി, പുതിയൊരു ലോകക്രമത്തെ പുനരാവിഷ്ക്കരിക്കുന്ന ചിത്രങ്ങളാണ് ലോകമെമ്പാടുമായി നമുക്ക് കാണാനാകുന്നത്.

സുശക്തവും സംഘടിതവുമായൊരു വിദ്യാഭ്യാസ സമ്പ്രദായം നിലനിൽക്കുന്ന കേരളത്തിൽ, പൊതുവിദ്യാഭ്യാസവകുപ്പ് ഇന്ത്യയിൽതന്നെ ആദ്യമായി, സംസ്ഥാനത്തെ എല്ലാ വിദ്യാർഥികൾക്കുമായി ഫസ്റ്റ്ബെൽ ഡിജിറ്റൽ ക്ലാസുകൾ വിജയകരമായി നടപ്പിലാക്കിയത് മഹാമാരിക്കാലത്തെ അതിജീവനത്തിനായുള്ള നമ്മുടെ പോരാട്ടത്തിലെ മിഴിവുള്ള ചിത്രമായി എടുത്ത് പറയേണ്ടതാണ്.

കോവിഡ് കാലത്തെ അധ്യയനം രണ്ടാം വർഷത്തിലേക്ക് കടന്നതോടെ, കൂടുതൽ സംവാദാത്മകമായ രീതിയിൽ ക്ലാസുകൾ നടത്തുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിന്റെ മുന്നോടിയായി, പ്രാരംഭഘട്ടത്തിൽ ജി-സ്യൂട്ട് പ്ലാറ്റ്ഫോം പ്രയോജനപ്പെടുത്താൻ സംസ്ഥാനസർക്കാർ തീരുമാനിച്ചു. ഇതിനു തുടർച്ചയായി ഓൺലൈൻ പഠനത്തിനായി ഒരു പൊതുപ്ലാറ്റ്ഫോം തയാറാക്കാൻ കൈറ്റിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായാണ് അധ്യാപർക്കായുള്ള ഈ പരിശീലനം കൈറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്.

ഒരു ഓൺലൈൻ പഠനസംവിധാനം എന്ന രീതിയിൽ ജി-സ്യൂട്ടിലെ സൗകര്യങ്ങൾ ക്ലാസ്സ്റൂം പ്രവർത്തനങ്ങളിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ അധ്യാപകരെ പ്രാപ്തരാക്കുക എന്നതാണ് ഈ പരിശീലനപരിപാടി കൊണ്ട് ലക്ഷ്യമിടുന്നത്. എൽ.എം.എസ് ടൂളുകൾ ഘടനാപരമായും ബോധനശാസ്ത്രപരമായും പ്രയോജനപ്പെടുത്തുന്നതിനായി കേരളത്തിലെ എല്ലാ അധ്യാപകരെയും ശാക്തീകരിക്കുക എന്ന ബൃഹദ് സംരംഭത്തിലേക്കുള്ള ആദ്യചുവട് എന്ന രീതിയിലാണ് ഈ പരിശീലനം സംഘടിപ്പിക്കുന്നത്. പുതിയ അവസരം പരമാവധി പ്രയോജനപ്പെടുത്തി കേരളത്തിന്റെ വിദ്യാഭ്യാസമേഖലക്ക് പുത്തനുണർവ് ലഭിക്കാൻ ഈ പരിശീലനം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കെ. അൻവർസാദത്ത്,**
**സി.ഇ.ഒ,**
**കേരളാ ഇൻഫ്രാസ്ട്രക്ച്ചർ & ടെക്നോളജി ഫോർ എജ്യുക്കേഷൻ[കൈറ്റ്]**

# പരിശീലന സഹായി തയാറാക്കിയവർ

## ചെയർമാൻ

**കെ. അൻവർ സാദത്ത്**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

കേരളാ ഇൻഫ്രാസ്ട്രക്ചർ & ടെക്നോളജി ഫോർ എജ്യുക്കേഷൻ[കൈറ്റ്]

## അംഗങ്ങൾ

പ്രദീപ് കുമാർ മാട്ടറ, മാസ്റ്റർ ട്രെയിനർ, കൈറ്റ് മലപ്പുറം

ജേക്കബ് സത്യൻ, മാസ്റ്റർ ട്രെയിനർ, കൈറ്റ് മലപ്പുറം

മനോജ് ജോസഫ്, മാസ്റ്റർ ട്രെയിനർ, കൈറ്റ് മലപ്പുറം

കൃഷ്ണൻ എം.പി, മാസ്റ്റർ ട്രെയിനർ, കൈറ്റ് മലപ്പുറം

മുഹമ്മദ് ബഷീർ ചെമ്മല, മാസ്റ്റർ ട്രെയിനർ, കൈറ്റ് മലപ്പുറം

സക്കീർ ഹുസൈൻ എൻ, മാസ്റ്റർ ട്രെയിനർ, കൈറ്റ് മലപ്പുറം

ഷാജി. സി.കെ, മാസ്റ്റർ ട്രെയിനർ, കൈറ്റ് മലപ്പുറം

ലാൽ എസ്, മാസ്റ്റർ ട്രെയിനർ, കൈറ്റ് മലപ്പുറം

ഹസൈനാർ മങ്കട, മാസ്റ്റർ ട്രെയിനർ, കൈറ്റ് മലപ്പുറം

ഡോ. ഷാനവാസ് കെ, മാസ്റ്റർ ട്രെയിനർ, കൈറ്റ് മലപ്പുറം

മുഹമ്മദ് അസ്‌ലം എ.ആർ, അക്കാദമിക് കോർഡിനേറ്റർ, കൈറ്റ്

ബിനുമോൻ പി.കെ, അഡ്മിനിസ്ട്രേറ്റർ (ഐ.ടി), കൈറ്റ് തിരുവനന്തപുരം

ബിബിൻ എസ്തൻ, അഡ്മിനിസ്ട്രേറ്റർ (ഐ.ടി), കൈറ്റ് തിരുവനന്തപുരം

**കവർ ചിത്രീകരണം**

സുരേന്ദ്രൻ കെ. മാസ്റ്റർ ട്രെയിനർ, കൈറ്റ് കണ്ണൂർ


*Printed & Published by,*

Kerala Infrastructure & Technology for Education(KITE)

Poojappura (P.O), Thiruvananthapuram-695012 Kerala, India

Tel: +91471 2529800 Fax: 0471 2529810 contact@kite.kerala.gov.in

www.kite.kerala.gov.in

# ഉള്ളടക്കം

സെഷൻ – 1: മുന്നൊരുക്കങ്ങളും ഓൺലൈൻ മീറ്റിങ്ങും........................................................................6

സെഷൻ – 2: ഓൺലൈൻ പാഠാസൂത്രണം – അടിസ്ഥാന വിവരങ്ങൾ...........................................10

സെഷൻ – 3: ഗൂഗ്ൾ ക്ലാസ്റൂമിൽ ഒരു പുതിയ ക്ലാസ് തയ്യാറാക്കൽ................................................15

സെഷൻ – 4: ക്ലാസിലേക്ക് തുടർപ്രവർത്തനങ്ങളും അസൈൻമെന്റുകളും ഉൾപ്പെടുത്താം..............33

സെഷൻ – 5: പ്രവർത്തനങ്ങൾ ചെയ്യാം, ഗ്രേഡ് നൽകാം..................................................................41

സെഷൻ – 6: ഗൂഗ്ൾ ക്ലാസ്റൂം – മറ്റ് സംവിധാനങ്ങൾ..........................................................................51

സെഷൻ – 7: പ്ലാനിങ്..........................................................................................................................56

അനുബന്ധം 1 – വീഡിയോ റിസോഴ്സ് ലിങ്ക്....................................................................................57

അനുബന്ധം 2– സർക്കുലർ.................................................................................................................58

## സെഷൻ – 1: മുന്നൊരുക്കങ്ങളും ഓൺലൈൻ മീറ്റിങ്ങും

### 1.1 ആമുഖം

നാം ഓഫ്‌ലൈനായി കൊടുക്കുന്ന പരിശീലനത്തിന് മുന്നൊരുക്കമായി, അധ്യാപകരെ ഒരു ഓൺലൈൻ ക്ലാസിന്റെ ഘടന പരിചയപ്പെടുത്തുന്നതിനും അതിലുപരിയായി അവരുടെ മൊബൈൽ ഫോൺ, ലാപ്‌ടോപ്പ് എന്നിവയിൽ തുടർന്നുപയോഗിക്കേണ്ട സോഫ്റ്റ്‌വെയറുകളും സജ്ജീകരണങ്ങളും ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി കോഴ്സിന്റെ തലേദിവസം എല്ലാ പഠിതാക്കളെയും അതാത് സ്കൂളിലെ പ്രഥമ അധ്യാപികയേയും ഉൾപ്പെടുത്തി ഒരു ഓൺലൈൻ മീറ്റിങ്ങും പഠിതാക്കൾക്കായി ഗൂഗിൾ ക്ലാസ്‌റൂമിൽ ഒരു ക്ലാസും നടത്തേണ്ടതാണ്/തയാറാക്കേണ്ടതാണ്. അത്തരമൊരു മീറ്റിങ്ങും ക്ലാസും നടത്തേണ്ടത് എങ്ങനെയെന്നും അവിടെ അവതരിപ്പിക്കേണ്ട വിഷയങ്ങൾ എന്തെല്ലാമാണ് എന്നുമാണ് ഈ സെഷനിൽ നാം ചർച്ച ചെയ്യുന്നത്.

ഇതിലൂടെ പഠിതാക്കൾ,


- ഗൂഗ്ൾ ക്ലാസ്‌റൂമിൽ തന്നിട്ടുള്ള ID ഉപയോഗിച്ച് ലോഗിൻ ചെയ്യാൻ പരിചയപ്പെടുന്നു.
- Invite ചെയ്യപ്പെട്ട ഒരു ക്ലാസിൽ സ്റ്റുഡന്റ് ആയി പ്രവേശിക്കുന്നു.
- പഠനവിഭവങ്ങൾ പഠിതാവ് കാണുന്നവിധവും അവർ അസൈൻമെന്റുകൾ ചെയ്യുന്നത് എങ്ങനെയെന്നും പരിചയപ്പെടുന്നു.
- നാം തയ്യാറാക്കുന്ന പഠനവിഭവങ്ങളും തുടർപ്രവർത്തനങ്ങളും ഉപയോഗിക്കുന്ന ഒരു കുട്ടിക്ക് പഠനസമയത്തുള്ള സാധ്യതകൾ/നേരിടുന്ന പ്രയാസങ്ങൾ തിരിച്ചറിയുന്നു.

### 1.2 പ്രവർത്തന പദ്ധതി

ഓൺലൈൻ മീറ്റിങ് ആസൂത്രണം ചെയ്ത ദിവസത്തിന്റെ മുൻദിനങ്ങളിലൊന്നിൽ താഴെ പറയുന്ന മുന്നൊരുക്കങ്ങൾ ആർ.പി. പൂർത്തിയാക്കേണ്ടതുണ്ട്.

- ✔ **G-Suite_Resources/To_Rps/Session1** ൽ നൽകിയിട്ടുള്ള റിസോഴ്സുകൾ ഉപയോഗിച്ച് ഒരു ക്ലാസ് ഗൂഗ്ൾ ക്ലാസ്‌റൂമിൽ തയ്യാറാക്കണം.
- ✔ ഈ ക്ലാസിൽ പരിശീലനത്തിൽ പങ്കെടുക്കുന്ന മുഴുവൻ അധ്യാപകരേയും Student ആയി ചേർക്കണം.
- ✔ പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകരെ ചേർത്ത് ഒരു മെസേജിങ് ഗ്രൂപ്പ് നിർമിക്കണം. പങ്കെടുക്കുന്ന അധ്യാപകരുടെ ജി-സ്യൂട്ട് ലോഗിൻ ഐഡി, പാസ്‌വേഡ് തുടങ്ങിയവ ഈ ഗ്രൂപ്പിൽ അയച്ചുകൊടുക്കണം.
- ✔ ഈ ഗ്രൂപ്പിൽ ഷെയർ ചെയ്ത നിർദേശങ്ങൾ ഉപയോഗപ്പെടുത്തിയാണ് നാം മുമ്പ് പറഞ്ഞ ഗൂഗ്ൾ മീറ്റിൽ അധ്യാപകർ പങ്കെടുക്കേണ്ടത്.
- ✔ അധ്യാപകർക്കായി പരിശീലകൻ തയാറാക്കിയ ക്ലാസിന്റെ **Classwork** ടാബ് ചുവടെ ചിത്രത്തിൽ നൽകിയ രീതിയിലായിരിക്കും.(**G-Suite_Resources/To_Rps/Session1/SampleClass.odt** എന്ന ഫയൽ കാണുക.)




താഴെ പറയുന്ന കാര്യങ്ങൾ മീറ്റിൽ പ്രതിപാദിക്കാം. ( സമയം 30 min - 1 Hr )

- **കോഴ്സ് ബ്രീഫിങ്** - അടിസ്ഥാന വിദ്യാഭ്യാസം ഓരോ കുട്ടിയുടേയും അവകാശമാണല്ലോ. കുട്ടികൾക്ക് സ്കൂളിലെത്താൻ സാധിക്കാത്ത പ്രതിസന്ധിഘട്ടങ്ങളിൽപോലും വിദ്യാഭ്യാസപ്രക്രിയ അനവരതം തുടരേണ്ടതുണ്ട്. ലോകത്തുള്ള ഓരോ സ്കൂളും ഇക്കാര്യത്തിനായി അവരുടെ സാഹചര്യങ്ങൾക്കും സാധ്യതകൾക്കും അനുസരിച്ച് പലവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്.

- നമ്മുടെ നാട്ടിൽ നാം ചെയ്ത പ്രവർത്തനങ്ങൾ നമുക്ക് സുപരിചിതമാണല്ലോ. കഴിഞ്ഞ വർഷം കൈറ്റ് വിക്റ്റേഴ്സ് ടെലിവിഷൻ ചാനൽ ഉപയോഗിച്ചുള്ള ബ്രോഡ്കാസ്റ്റിങ്ങ് രീതിയിലായിരുന്നു നാം പഠനപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോയിരുന്നത്.

- വിക്റ്റേഴ്സ് ചാനലിലൂടെയുള്ള ക്ലാസ് ബ്രോഡ്കാസ്റ്റിങ്ങ് മികച്ച രീതിയിൽ തുടരുന്നുണ്ട്. പ്രവർത്തനോന്മുഖമായ നമ്മുടെ പ്രൈമറി, സെക്കന്ററി പാഠ്യപദ്ധതി അനുവർത്തിക്കുന്ന ഒരു ക്ലാസ് ഒരു സാധാരണ അധ്യാപികക്ക് വീട്ടിൽവെച്ച് മികച്ച രീതിയിൽ ചിത്രീകരിക്കാനാവില്ല. ഉയർന്ന സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് നിർമിച്ച്, വിദഗ്ദരായ അധ്യാപകർ പരിശോധിച്ചശേഷം സംപ്രേഷണം ചെയ്യുന്ന കൈറ്റ് വിക്റ്റേഴ്സ് ക്ലാസുകൾ സാധ്യമായതിൽ മികച്ച നിലവാരം പലർത്തുന്നവയാണ്. ഈ ക്ലാസുകൾ മറ്റ് ആവശ്യങ്ങൾക്കായി നമുക്ക് പുനരുപയോഗിക്കുകയും ചെയ്യാം.

- മേൽപറഞ്ഞ ബ്രോഡ്കാസ്റ്റിങ്ങ് രീതി തുടരുമ്പോഴും നാം കൂടുതൽ സാധ്യതകൾ അന്വേഷിക്കുന്നുണ്ട്. ഉദാഹരണമായി,

- കുട്ടികൾ ക്ലാസിൽ ചേരുന്നുവെന്ന് ഉറപ്പാക്കുന്നതിനും പഠനപ്രവർത്തനങ്ങൾ മൊത്തത്തിൽതന്നെ മോണിറ്റർ ചെയ്യുന്നതിനും സാധിക്കണം.
- കുട്ടികളുമായി നിരന്തരം സംവദിക്കാൻ സാധിക്കണം. താല്പര്യവും പഠനസ്ഥിരതയും ഉറപ്പുവരുത്താനാകണം.
- പഠനത്തിന്റെ ആഴവും വ്യാപ്തിയും ഉറപ്പുവരുത്തുന്നതിനുള്ള തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കാനാവണം.
- പഠനത്തിൽ പുരോഗതിയുണ്ടാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സമയബന്ധിതമായ മൂല്യനിർണയപ്രവർത്തനങ്ങൾ പ്രാവർത്തികമാക്കണം.
- ..............................................................................................................

മേൽപറഞ്ഞ ആവശ്യങ്ങളെല്ലാം സാധ്യമാക്കാവുന്ന ഒരു സംവിധാനമാണ് ഗൂഗ്ൾ ക്ലാസ്റൂം എന്ന ലേണിങ് മാനേജ്മെന്റ് സിസ്റ്റം. സ്കൂൾ തുറന്ന് ക്ലാസുകളെല്ലാം സാധാരണ നിലയിലേക്ക് വന്നാലും ഫലപ്രദമായി ഉപയോഗിക്കാവുന്ന രീതിയിലുള്ളവയാണ് LMS സംവിധാനങ്ങൾ.

തുടർന്ന് നമ്മുടെ പരിശീലനത്തിന്റെ ആദ്യ സെഷനിലെ പ്രവർത്തനങ്ങൾ ഓൺലൈനാണെന്നും ബാക്കിയുള്ളവ ഓഫ്ലൈനാണെന്നും പരിശീലകൻ സൂചിപ്പിക്കുന്നു. ഓൺലൈൻ പ്രവർത്തനങ്ങൾക്കായി, പഠിതാക്കൾക്കായി തയാറാക്കിയ ക്ലാസ് എങ്ങനെ ചെയ്യാം എന്നതിനുള്ള നിർദ്ദേശങ്ങൾ പരിശീലകൻ നൽകുന്നു.

- ✔ എല്ലാവരും ഗൂഗിൾ ക്ലാസ്റൂമിൽ ലോഗിൻ ചെയ്ത് ക്ലാസിൽ ജോയിൻ ചെയ്യണം.
- ✔ പല വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകർക്കുള്ള പൊതുപരിശീലനമായതിനാൽ എല്ലാവർക്കും സാധ്യമാകുന്ന ഒരു ലഘു പാഠം ക്ലാസിൽ തയ്യാറാക്കിയിട്ടുണ്ട്. ഇവയിലെ പ്രവർത്തനങ്ങൾ ചെയ്യുക.
- ✔ Classroom ഉപയോഗിച്ച് ഒരു അധ്യാപിക തയ്യാറാക്കുന്ന ക്ലാസുകൾ ആ ക്ലാസിലെ കുട്ടികൾക്ക് എങ്ങനെയായിരിക്കും ലഭ്യമാകുക എന്നത് ഓരോ പഠിതാവും ശ്രദ്ധിച്ച് നിരീക്ഷിച്ചശേഷമായിരിക്കണം നാളത്തെ പരിശീലന ക്ലാസിൽ എത്തേണ്ടത് എന്ന് ആർപി പറഞ്ഞുറപ്പിക്കണം.

കൂടാതെ, ക്ലാസിൽ ചേരുന്നതിനുള്ള പഠിതാവിന്റെ മുന്നൊരുക്കങ്ങളായുള്ള കാര്യങ്ങൾ വിശദമാക്കുന്നു.

- മൊബൈൽഫോണിൽ ഗൂഗ്ൾ ക്ലാസ്റൂം ആപ്പ് ഇൻസ്റ്റാൾ ചെയ്യുക.
- മൊബൈൽ ഫോണിൽ സ്ക്രീൻ ലോക്ക് സംവിധാനം നിർബന്ധമായും സജ്ജീകരിക്കുക. ലോഗിൻ സാധ്യമാകുന്നത് ഇത് ആവശ്യമാണ്.
- എല്ലാവരുടേയും ലോഗിൻഐഡി ഉണ്ടാകും. അതിന്റെ ഘടന വിശദീകരിക്കണം.
    - tr<പെൻ നമ്പർ>@kiteschool.in എന്ന രീതിയിലായിരിക്കും അധ്യാപക അക്കൗണ്ട് ഐഡി. ഉദാഹരണമായി **tr654320@kiteschool.in**

- ◦ കുട്ടികളുടെ ഐഡി s<സ്കൂൾ കോഡ്>.<അഡ്മിഷൻ നമ്പർ > @kiteschool.in എന്ന രൂപത്തിലും ആയിരിക്കും. ഉദാഹരണമായി, **s1011.12345@kiteschool.in** എന്നത് 1011 എന്ന കോഡുള്ള സ്കൂളിലെ 12345 എന്ന് അഡ്മിഷൻ നമ്പരുള്ള കുട്ടിയുടെ ഐഡിയാണ്.
- ◦ HSS വിദ്യാർഥികളുടെ യൂസർനെയിം hschoolcode.Applictionno@kiteschool.in എന്നായിരിക്കും. ഉദാഹരണമായി **h5004.12345678@kiteschool.in** എന്നത് **5004** എന്ന കോഡുള്ള **ഹയർസെക്കണ്ടറി** സ്കൂളിലെ 12345678 എന്ന് അപ്ലിക്കേഷൻ നമ്പരുള്ള കുട്ടിയുടെ ഐഡിയാണ്.
- ◦ ഇവയല്ലാതെ, മറ്റ് യാതൊരു വിധത്തിലുള്ള വ്യക്തിവിവരങ്ങളും കൊടുക്കേണ്ടതില്ല.

എല്ലാവരും ഗൂഗ്ൾ ക്ലാസ്റൂം ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട് എന്നും ലോഗിൻ ചെയ്യാൻ സാധിച്ചിട്ടുണ്ട് എന്നും ഉറപ്പുവരുത്തുക കൂടി ഈ പ്രവർത്തനത്തിൽ നാം ഉദ്ദേശിക്കുന്നുണ്ട് എന്ന് ആർപി ഗ്രൂപ്പിലൂടെയുള്ള ഇന്ററാക്ഷനിലൂടെയും തുടരന്വേഷണങ്ങളിലൂടെയും ഉറപ്പിക്കുമല്ലോ.

### 1.3 ക്ലാസിലെത്തുമ്പോൾ

പരിശീലനത്തിന് എത്തുമ്പോൾ ഓരോ പഠിതാവും കൈയ്യിൽ കരുതേണ്ടവ കാര്യങ്ങളെക്കുറിച്ച് ആർ.പി പ്രതിപാദിക്കുന്നു. താഴെ പറയുന്ന കാര്യങ്ങൾ നോക്കുക.

- ലാപ്ടോപ്പ് (Ubuntu OS) ഉപയോഗിച്ചാണ് പ്രധാന പ്രവർത്തനങ്ങൾ ചെയ്യുന്നത്. ലാപ്ടോപ്പ്, പവർ എക്സ്റ്റൻഷൻ, ലാപ്ടോപ്പ് പവർ കണക്റ്റർ പോലുള്ള അനുബന്ധ ഉപകരണങ്ങളടക്കം പരിശീലനത്തിന് സജ്ജീകരിക്കണം.
- ലാബിലെ ലാപ്ടോപിൽ ക്രോം ബ്രൗസർ ഇൻസ്റ്റാൾ ചെയ്യാൻ SITC/HITC ക്ക് നിർദേശം നൽകാം.
- പ്രവർത്തനങ്ങളുടെ ഓരോ ഘട്ടത്തിലും മൊബൈൽ ഫോണുകളും ആവശ്യമാണ്. ലാപ് ടോപിലും മൊബൈലിലും ഇന്റർനെറ്റ് ലഭിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കണം.
- നെറ്റ് കണക്റ്റർ ഉണ്ടെങ്കിൽ കൂടെ കരുതുക. സ്ക്രീൻ റൈറ്റിങ്/ഡ്രോയിങ് പാഡ് ഉപകരണങ്ങളുണ്ടെങ്കിൽ എടുക്കാം.
- സംശയനിവാരണം

Login issues- Video

************************

# ഓഫ്‌ലൈൻ പ്രായോഗിക പരിശീലനം

### സെഷൻ - 2: ഓൺലൈൻ പാഠാസൂത്രണം - അടിസ്ഥാന വിവരങ്ങൾ

**(10.00 AM -10.30 AM)**

### 2.1 ആമുഖം

ഓൺലൈൻ പാഠാസൂത്രണം- അടിസ്ഥാനവിവരങ്ങൾ വിശദമാക്കുന്ന സെഷൻ.

താഴെ നൽകിയിരിക്കുന്ന വിശദാംശങ്ങൾ റിസോഴ്സായി തന്നിരിക്കുന്ന പ്രസന്റേഷൻ **(Session2/Presentation)** ഉപയോഗിച്ച് പരിശീലകൻ അവതരിപ്പിക്കുന്നു. (ആവശ്യമായ വിശദാംശങ്ങൾ ആർപി ക്ലാസിൽ നൽകേണ്ടതാണ്.)

**G-Suite_Resources ലെ To_Participants എന്ന ഫോൾഡർ പഠിതാക്കൾക്ക് കോപ്പി ചെയ്ത് നൽകേണ്ടതാണ്.**

അടിസ്ഥാന വിദ്യാഭ്യാസത്തിൽനിന്ന് ആർജിച്ചെടുക്കുന്ന മൂല്യങ്ങളാണ് ഓരോ തലമുറയേയും തുടർജീവിതത്തിൽ മുന്നേറാൻ പ്രാപ്തമാക്കുന്ന ഘടകങ്ങളിലൊന്ന്. ഏതൊരു വിഷമസാഹചര്യ ത്തിലും, സമൂഹത്തിലെ ഓരോ കുട്ടിയേയും പരിഗണിച്ച്, സാധ്യമായ എല്ലാ രീതിയിലും പഠനപ്രക്രിയ നിരന്തരം തുടരാൻ നാം ആശ്രാന്ത പരിശ്രമം നടത്തുന്നത് ഇക്കാരണത്താലാണ്. വിക്റ്റേഴ്സ് ചാനലും പല രീതിയിലുള്ള സാമൂഹ്യമാധ്യമങ്ങളും മൊബൈൽഫോൺ ആപ്പുകളും ഉപയോഗിച്ച് നാം ഓരോരുത്തരും ഈ പ്രയാസകാലത്തും നമ്മുടെ കുട്ടികളിലേക്ക് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന പാഠങ്ങൾ എത്തിക്കാൻ പരിശ്രമിക്കുന്നുണ്ട്.

ഡിജിറ്റൽ രൂപത്തിലുള്ള വിഭവങ്ങളാണ് ഈ രീതിയിലുള്ള പാഠ്യ-പഠനപ്രവർത്തനങ്ങൾക്ക് നാം നിർമിക്കേണ്ടിവരുന്നത്. ഓരോ കുട്ടിയിലേക്കും പാഠങ്ങൾ എത്തിക്കാനുള്ള ശ്രമങ്ങൾക്ക് (കണക്റ്റിവിറ്റി) ഒപ്പംതന്നെ വലിയതോതിൽ ശ്രദ്ധ വേണ്ടവയാണ് പ്രവർത്തനങ്ങളുടെ തിരഞ്ഞെടുപ്പും നിർമാണവും. പഠനവിഭവങ്ങൾ നിർമിക്കുമ്പോൾ ആശയസമഗ്രത, പ്രവർ ത്തനസാധ്യത, അന്വേഷണോന്മുഖത, സ്വയംപഠനത്തിന് ഉതകുക തുടങ്ങിയ അക്കാദമിക മൂല്യങ്ങൾ ക്കൊപ്പം,

- വൈവിധ്യം
- കാഴ്ചഭംഗി
- സാങ്കേതികവിദ്യയുടെ മെച്ചപ്പെട്ട ഉപയോഗം
- ഇന്ററാക്ഷൻ സാധ്യതകൾ
- പങ്കാളിത്ത സാധ്യതകൾ
- ...........................................

തുടങ്ങിയ ഇതര കാര്യങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ട്.

സാമ്പ്രദായിക വിദ്യാഭ്യാസപ്രക്രിയ മുടങ്ങിയപ്പോയ ഈ കാലത്ത് മാത്രമല്ല, സ്കൂളുകളെല്ലാം തുറക്കുകയും കുട്ടികൾ സ്കൂളിലെത്തുകയും ചെയ്യുന്ന സാഹചര്യത്തിൽപോലും അടിസ്ഥാനപരമായ

കണക്റ്റിവിറ്റി നേടിക്കഴിഞ്ഞ സമൂഹത്തിൽ നാം തുടർന്നു ചർച്ച ചെയ്യുന്ന സങ്കേതങ്ങളും പ്രവർത്തനങ്ങളും പ്രസക്തവും പ്രായോഗികവും വിദ്യാഭ്യാസ നേട്ടങ്ങളുണ്ടാക്കിത്തരുന്നതുമാണ് എന്ന തിരിച്ചറിവോടെയാണ് ഈ പരിശീലന പദ്ധതിയെ നാം സമീപിക്കേണ്ടത്.

### 2.2 ഒരു ഓൺലൈൻ ക്ലാസ് സജ്ജീകരിച്ചിരിക്കുന്നത് കാണാം

പരിശീലകൻ കഴിഞ്ഞ ദിവസം പഠിതാക്കൾ അറ്റന്റ് ചെയ്ത ക്ലാസിനെ പരാമർശിച്ച് അവതരിപ്പിക്കുന്നു

ഗൂഗ്ൾ ക്ലാസ് റൂമിൽ സജ്ജീകരിച്ചിരിക്കുന്ന ഒരു മോഡൽ ക്ലാസ് എല്ലാവരും അറ്റന്റ് ചെയ്തല്ലോ.

എൻട്രി, ക്ലാസ് വീഡിയോ, തുടർപ്രവർത്തനം, അസൈൻമെന്റ്, ഇവാല്വേഷൻ എന്നിവയെക്കുറിച്ച്, ഈ ക്ലാസിന്റെ സ്റ്റുഡന്റ് മോഡ് ചിത്രം (പരിശീലകൻ തയാറാക്കിയ ക്ലാസിന്റെ ചിത്രം ഉപയോഗിച്ചുള്ള പ്രസന്റേഷൻ സ്ലൈഡ്) ഉപയോഗിച്ച് ആർപി ചെറുതായി പരാമർശിക്കണം. ഇത് ക്ലാസിലേക്കുള്ള ഒരു എൻട്രിയാണ്, ഇത് ഒരു ഫോളോഅപ്പ് ആണ് - എന്ന രീതിയിൽ. പക്ഷേ, വിശദീകരിക്കേണ്ടതില്ല, അതോടൊപ്പം ക്ലാസ്റൂമിൽ ലോഗിൻ ചെയ്ത് പ്രദർശിപ്പിക്കുകയും വേണ്ട.

എല്ലാ ക്ലാസുകളും ഇത്തരമായിക്കുകയില്ല - ഇത്തരമായിരിക്കരുത് - എന്ന് ഓർക്കുമല്ലോ.ചില പ്രവർത്തനങ്ങൾ നമുക്ക് ഇതിൽ കാണാം. തുടർന്നുവരുന്ന സെഷനുകളിൽ ഇത്തരം റിസോഴ്സുകൾ നിർമിക്കുന്നതിനും ഓൺലൈനായി സ്ഥാപിക്കുന്നതിനുമുള്ള കൂടുതൽ സാധ്യതകൾ നമുക്ക് പരിശോധിക്കാം.

### 2.3. ഒരു ഓൺലൈൻ ക്ലാസ് പ്ലാൻ ചെയ്യുന്നതെങ്ങനെ ?

പരിശീലകൻ അവതരിപ്പിക്കുന്നു.

ഒരു ഓൺലൈൻ ക്ലാസിന്റെ ഒരു ഭാഗം കണ്ടല്ലോ.

ഒരു സാധാരണ ക്ലാസ് നാം എങ്ങനെയാണ് ആസൂത്രണം ചെയ്യേണ്ടത് ? എന്തെല്ലാണ് അത്തരമൊരു ക്ലാസിന്റെ ഘടകങ്ങൾ ?

.............................................

പഠിതാക്കൾ ഉത്തരം പറയട്ടെ.

- പ്രവേശകം (Entry)
- ക്ലാസ്/ഇന്ററാക്ഷൻ
- തുടർപ്രവർത്തനങ്ങൾ (Follow Ups))
- അസൈൻമെന്റുകൾ
- മൂല്യനിർണയം

ചെറിയ ചർച്ച – സാധാരണ ക്ലാസിലെ പ്രവർത്തനങ്ങൾ ആസ്പദമാക്കിയത്.

**ചർച്ചാ കുറിപ്പുകൾ**

- നാമറിഞ്ഞോ, അറിയാതെയോ ഇവയെല്ലാം ഓരോ ക്ലാസിലുമുണ്ടാകും. ഇവയെല്ലാം ചേരുമ്പടി ചേരുമ്പാഴാണ് ഒരു ക്ലാസ് പൂർണമാകുന്നതും.
- പഠനം വീട്ടിലും തുടർപ്രവർത്തനങ്ങളും (ഹോംവർക്ക്/അസൈൻമെന്റ്) ഇവാല്വേഷനും മാത്രം സ്കൂളിലും നടന്നാലോ ? കൂടുതൽ ആഴത്തിലും പരപ്പിലുമുള്ള ധാരണകൾ ഓരോ കുട്ടിക്കും നേടിക്കൊടുക്കാവുന്ന വിധത്തിൽ ക്ലാസ്റൂം പ്രക്രിയ ക്രമീകരിക്കുന്നതിനുള്ള സമയപരിമിതി മറികടക്കാനാകും. നിലവിലുള്ള പഠനരീതി ഫ്ലിപ് ചെയ്തതാകില്ലേ ഇത് ? ഫ്ലിപ്ഡ് ലേണിങ്ങ് എന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നതും. സ്കൂൾ തുറന്നാലും ഇത്തരം പ്രവർത്തനങ്ങൾ നമുക്ക് തുടരാനാകും.

**പ്രവർത്തനാസൂത്രണം.**

മുകളിൽ പറഞ്ഞിരിക്കുന്നപോലെ എങ്ങനെ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാം ?

**1. എൻട്രി** - എങ്ങനെയാണ് ഒരു ക്ലാസ് തുടങ്ങുക ? കുട്ടികളിൽ താല്പര്യം ഉളവാക്കും എന്ന് പ്രതീക്ഷിക്കുന്ന ഒരു പ്രവർത്തനമാകണം എൻട്രി.

**ചർച്ചാ കുറിപ്പുകൾ**

എന്തെല്ലാം സാധ്യതകൾ ഉണ്ട് ?

- വിഷയബന്ധിതമായയും കൗതുകമുണർത്തുന്നതുമായ ഒരു വീഡിയോ ക്ലിപ്പ്, ചില ചെറിയ ചോദ്യങ്ങൾ
- ഒരു കുഞ്ഞു കഥയും അനുബന്ധ ചോദ്യങ്ങളും / വായനക്കുറിപ്പും ചോദ്യങ്ങളും
- ഒരു പോസ്റ്ററും (അടിക്കുറിപ്പ് അടക്കം) തുടർ ചോദ്യങ്ങളും/ചിത്ര ആൽബവും ചോദ്യങ്ങളും
- ..........................................................................................................

മറ്റ് പ്രവർത്തനങ്ങളെക്കുറിച്ച് തുടർ സെഷനുകളിൽ വിശദമായി ചർച്ച ചെയ്യാം.

### 2.4. എങ്ങനെ ഒരു ഫ്ലിപ്ഡ് ക്ലാസ്റൂം ഇംപ്ലിമെന്റ് ചെയ്യാം ?

പ്രസന്റേഷനിലെ 21-ാമത്തെ സ്ലൈഡ് പ്രദർശിപ്പിച്ച് പരിശീലകൻ അവതരിപ്പിക്കുന്നു.

കൈറ്റ് നടത്തുന്ന കൂൾ പരിശീലനത്തിലെ ഒരു പ്രവർത്തനമാണ് ചിത്രത്തിലുള്ളത്. ഇത്തരം പഠന വിഭവങ്ങളും പ്രവർത്തനങ്ങളും എങ്ങനെ കുട്ടികളിലേക്ക് എത്തിക്കും ?

- കൊടുത്തയച്ചോ/വീടുകളിലെത്തിച്ചോ (Manual Methods).
- മുൻകൂട്ടി തയ്യാറാക്കിയ ആക്റ്റിവിറ്റി ബുക്കുകൾ, പെൻഡ്രൈവ്, CD, തുടങ്ങിയവ വഴി
- സാമൂഹ്യ മാധ്യമങ്ങൾ, ഇ-മെയിൽ തുടങ്ങിയവ ഉപയോഗിച്ച്. (ഇന്റർനെറ്റ് ആവശ്യമാണ്.)

  (വാട്സ്ആപ്പ്, ജിമെയിൽ, ടെലഗ്രാം തുടങ്ങിയവ ഉപയോഗിച്ച്)
- ലേണിങ്ങ് മാനേജ്മെന്റ് സിസ്റ്റങ്ങൾ (LMS) ഉപയോഗിച്ച്. (ഇന്റർനെറ്റ് ആവശ്യമാണ്.) ഇതാണ് നാം ചർച്ച ചെയ്യാൻ പോകുന്നത്.

**കുറിപ്പുകൾ**

- ലേണിങ്ങ് മാനേജ്മെന്റ് സംവിധാനം ഉപയോഗിക്കുമ്പോൾ കുട്ടികൾക്ക് കമ്പ്യൂട്ടർ, ടാബ്ലെറ്റ് പിസി, സ്മാർട്ട് മൊബൈൽഫോൺ എന്നിവയിലൊന്ന് ഉണ്ടായിരിക്കേണ്ടതാണ്. കേരളത്തിൽ നിലവിലുള്ള സാമൂഹ്യസാഹചര്യത്തിൽ എല്ലാ കുട്ടികൾക്കും ഇവയിൽ ഒന്ന് നിർബന്ധമായും ഉണ്ടായിരിക്കും എന്ന് ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാറും മറ്റ് സാമൂഹ്യ സംഘടനകളും വ്യക്തികളും ചെയ്തുവരുന്നുണ്ട്.
- എല്ലാ കുട്ടികൾക്കും കമ്പ്യൂട്ടർ ഉണ്ട് എന്ന് ഉറപ്പില്ലാത്ത സാഹചര്യത്തിൽ ഒരു മൊബൈൽ ഫോൺ ഉപയോഗിച്ച് ചെയ്യാവുന്ന പ്രവർത്തനങ്ങളാണ് ഉചിതമായിരിക്കുക.
- LMS വഴിയുള്ള നിർവഹണത്തിന് ഇന്റർനെറ്റ് കണക്റ്റിവിറ്റി പ്രധാനമാണ്. അത് സാധ്യമാകില്ലെങ്കിൽ മുകളിൽ ചർച്ച ചെയ്ത സംവിധാനങ്ങൾ പ്രായോഗികമാക്കാം. റിസോഴ്സുകളുടെയും പഠനപ്രവർത്തനങ്ങളുടെയും പാക്കേജിങ് പ്രത്യേകം ശ്രദ്ധിക്കുക.

### 2.5. ഗൂഗ്ൾ ക്ലാസ്റും എൽഎംഎസ്


റിസോഴ്സുകളും പഠനപ്രവർത്തനങ്ങളും കുട്ടികൾക്ക് ലഭ്യമാക്കുന്നതോടൊപ്പം താഴെ പറയുന്ന കാര്യങ്ങൾ കൂടി പ്രസക്തമാണ്.

- കുട്ടികളുമായി നിരന്തരം സംവദിക്കണം.
- തുടർപ്രവർത്തനങ്ങൾ/അസൈൻമെന്റുകൾ നിരന്തരം നല്കി കുട്ടികളെ പ്രവർത്തനനിരതരാക്കണം.
- അസൈൻമെന്റുകൾ അപ്പപ്പോൾ മൂല്യനിർണയം ചെയ്യണം. കുട്ടികളെ അറിയിക്കണം.
- പഠന പുരോഗതി ഉറപ്പുവരുത്തണം. ഫീഡ്ബാക്ക് ലഭിക്കണം. വിശകലനം ചെയ്യണം.
- ഫീഡ്ബാക്കിന് അനുസരിച്ച്, നിരന്തരമായ പ്രവർത്തനമാറ്റം/പരിഹാര പ്രവർത്തനം സാധ്യമാക്കണം.
- രക്ഷിതാക്കളുമായി സംവദിക്കണം.
- ടെർമിനൽ മൂല്യനിർണയം സാധ്യമാക്കണം.

ഇവ സാധ്യമാക്കുന്നതിന് പ്രത്യേകം നിർമിച്ച സോഫ്റ്റ്വെയറുകളാണ് ലേണിങ്ങ് മാനേജ്മെന്റ് സോഫ്റ്റ്വെയറുകൾ. നാം നിർമിച്ച പഠനവിഭവങ്ങളും, അനുബന്ധപ്രവർത്തനങ്ങളും ക്രമീകരിക്കുന്നതിന് ഇവയിൽ സംവിധാനങ്ങളുണ്ട്.

- മൂഡ്ൽ (Moodle)
- ഗൂഗ്ൾ എൽഎംഎസ്
- Open edX
- canvas

എന്നിവ ഉദാഹരണങ്ങളാണ്. ഇവയിൽ ഓരോന്നിലും ലഭ്യമായ സജ്ജീകരണങ്ങൾ വ്യത്യസ്തമാണ്.




- മൂഡ്ൽ ഉപയോഗിച്ചാണ് കൈറ്റ്, സെക്കന്ററി, പ്രൈമറി അധ്യാപകർക്ക് പ്രോബേഷൻ പൂർത്തിയാക്കുന്നതിന് നിർബന്ധമായ കൂൾ എന്ന ഓൺലൈൻ കോഴ്സ് ചെയ്യുന്നത്.
- നാം ഇവിടെ ഗൂഗ്ൾ ക്ലാസ്റൂം എൽ.എം.എസ് ഉപയോഗിക്കുന്നു. ഇതുതന്നെയാണ് ഗൂഗ്ൾ വർക്ക്സ്പേസ് ഫോർ എജുക്കേഷൻ എന്നും അറിയപ്പെടുന്നത്.

എന്തെല്ലാണ് ഈ എൽ.എം.എസിൽ നമുക്ക് ലഭ്യമായ സൗകര്യങ്ങൾ ?

- ഗൂഗിളിന്റെ താഴെ പറയുന്ന സേവനങ്ങൾ വർക്ക്സ്പേസിൽ ഉൾച്ചേർത്തിട്ടുണ്ട്.
    - കുട്ടികൾക്ക് കത്തുകൾ അയക്കുന്നതിന് മെയിൽ
    - പഠന വിഭവങ്ങളും പ്രവർത്തനങ്ങളും സൂക്ഷിക്കുന്നതിന് ഡ്രൈവ്
    - പങ്കാളിത്ത സ്വഭാവമുള്ള ഡോക്യുമെന്റുകളും ഫോമുകളും നിർമിക്കുന്നത് ഡോക്
    - കുട്ടികളുമായി സംവദിക്കുന്നത് മീറ്റ്
    - തുടർപ്രവർത്തനങ്ങൾ ക്രമീകരിക്കുന്നത് അസൈൻമെന്റ്സ്
    - ........................................................................................ തുടങ്ങിയ 14-ഓളം സർവീസുകൾ

മുകളിൽ പറഞ്ഞിരിക്കുന്നവയെല്ലാം ലിങ്ക് ചെയ്യുന്നതിനുള്ള പൊതു പ്ലാറ്റ്ഫോമാണ് ഗൂഗ്ൾ ക്ലാസ്റൂം. ഇതിൽ,

- ഓരോ ക്ലാസിനെയും പ്രത്യേക ഗ്രൂപ്പായി ക്രമീകരിക്കാം.
- ലോഗിൻ ചെയ്യുന്നവർക്ക് സാങ്കേതികമായ പ്രവിലിജുകൾ/റോളുകൾ ക്രമീകരിക്കാനാകും.
- ടോപ്പിക് സെറ്റ് ചെയ്യാം. ഒരു അധ്യായം ഒരു ടോപ്പിക്കായിട്ട് ക്രമീകരിക്കുന്നത് സൗകര്യപ്രദമായിരിക്കും.
- ഓരോ സ്കൂളിനും അഡ്മിൻ പ്രിവിലിജ് ഉള്ള യൂസർ ഉണ്ടായിരിക്കും.

ഇവയുടെ കൂടുതൽ പ്രയോഗങ്ങൾ നമുക്ക് അതാത് സമയങ്ങളിൽ പരിചയപ്പെടാം.

************************

## സെഷൻ – 3: ഗൂഗ്ൾ ക്ലാസ്റൂമിൽ ഒരു പുതിയ ക്ലാസ് തയ്യാറാക്കൽ

**(10.30 AM – 12.00 N)**

**ആമുഖം**

ഗൂഗിൾ ക്ലാസ്റൂമിൽ പുതിയ ക്ലാസ് തയാറാക്കുന്നത് പരിചയപ്പെടുത്തുന്ന സെഷൻ. പരിശീലകൻ ഡെമോയായി ഒരു ക്ലാസ് തയാറാക്കിയതോടൊപ്പം പഠിതാക്കൾ എല്ലാവരും സ്വന്തം ലോഗിൻ ഐഡി ഉപയോഗിച്ച് പരിശീലകൻ നിർദേശിക്കുന്ന വിഷയത്തിൽ ഒരു ക്ലാസ് തയാറാക്കേണ്ടതാണ്.

**Resources :**

- Session3/10Biology_Cha4.pdf
- Session3/Chapter4_Notes.pdf
- Session3/Description.txt

പരിശീലകൻ അവതരിപ്പിക്കുന്നു.

ഗൂഗ്ൾ ക്ലാസ്റൂം ഉപയോഗിച്ച് തയ്യാറാക്കിയ ഒരു ക്ലാസിൽ Student ആയി ലോഗിൻ ചെയ്യുന്നതെങ്ങനെയെന്ന് Sample Class ൽ ലോഗിൻ ചെയ്തുകൊണ്ട് നാം മനസ്സിലാക്കിക്കഴിഞ്ഞു. ഈ ക്ലാസിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ എങ്ങനെ ചെയ്യാമെന്നും ഇപ്പോൾ നമുക്കറിയാം. ഒരു ടീച്ചർ തന്റെ ക്ലാസിലെ കുട്ടികൾക്കായി ഇതുപോലൊരു ക്ലാസ് തയ്യാറാക്കുന്നതെങ്ങനെയെന്നും അതിലേക്ക് അനുയോജ്യമായ ക്ലാസ് പ്രവർത്തനങ്ങളും അസൈൻമെന്റുകളും ഉൾപ്പെടുത്തുന്നതെങ്ങനെയെന്നും ആണ് ഈ സെഷനിൽ നാം പരിചയപ്പെടുന്നത്.

### 3.1 ടീച്ചർ /സ്റ്റുഡന്റ് ലോഗിനുകൾ

ഗൂഗ്ൾ ക്ലാസ്റൂമിലെ ഒരു ക്ലാസിന്റെ ടീച്ചർ/സ്റ്റുഡന്റ് ലോഗിനുകളെക്കുറിച്ച് താഴെ നൽകിയ രീതിയിൽ RP വിശദീകരിക്കുന്നു.

- ഗൂഗിൾ ക്ലാസ്റൂമിൽ സ്റ്റുഡന്റ്, ടീച്ചർ എന്ന രീതിയിൽ ലോഗിൻ സൗകര്യങ്ങളുണ്ട്.
- ടീച്ചർ ലോഗിൻ (പാഠഭാഗം തയ്യാറാക്കുന്ന ടീച്ചർക്കുള്ളത് )
    - പഠനവിഭവങ്ങളും തുടർപ്രവർത്തനങ്ങളും തയ്യാറാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും, പങ്കുവെക്കുന്നതിനും, ഗ്രേഡ് ചെയ്യുന്നതിനും മറ്റുമുള്ള സാങ്കേതിക സംവിധാനങ്ങളാണ് ഇവിടെയുള്ളത്.
- സ്റ്റുഡന്റ് ലോഗിൻ (പഠിതാവിനുള്ള ലോഗിൻ)
    - ആശയങ്ങൾ ഗ്രഹിക്കുന്നതിനും പ്രവർത്തനങ്ങൾ ചെയ്യുന്നതിനും സ്വയംവിലയിരുത്തുന്നതിനും സഹായിക്കുന്നരീതിയിൽ ക്രമീകരിച്ചിരിക്കുന്ന റിസോഴ്സുകളും പ്രവർത്തനങ്ങളുമാണ് കുട്ടി കാണുന്നത്.

- ◦ സ്റ്റുഡന്റ് ആയി ലോഗിൻ ചെയ്തപ്പോഴുള്ള ഇന്റർഫേസ് നാം കണ്ടു കഴിഞ്ഞു. എന്നാൽ യഥാർഥ സ്റ്റുഡന്റ് യൂസർ ഉപയോഗിച്ചാണെങ്കിൽ പ്രസ്തുത യൂസർക്ക് ലഭിക്കുന്ന പെർമിഷനിൽ ചെറിയ വ്യത്യാസമുണ്ടാകും.

ഈ രണ്ട് ഇന്റർഫേസുകളും, ജാലകങ്ങളിലെ ബട്ടനുകളുടേയും മറ്റ് സജ്ജീകരണങ്ങളുടേയും വിന്യാസത്തിൽ കമ്പ്യൂട്ടറിലും മൊബൈൽ ഫോണിലും മാറ്റമുണ്ട്.

തുടർപ്രവർത്തനങ്ങളിൽ ഇത് പ്രത്യേകം പരിഗണിച്ച് കാഴ്ചപ്പുറവ്യത്യാസം RP പഠിതാക്കളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുണ്ട്. പ്രവർത്തനങ്ങൾ നൽകുമ്പോൾ താഴെപ്പറയുന്നവ RP ശ്രദ്ധിക്കണം.

- തന്നിട്ടുള്ള റിസോഴ്സുകൾ ഉപയോഗിച്ച് ആർ.പി.യോടൊപ്പം അധ്യാപകരും പ്രവർത്തനങ്ങൾ കമ്പ്യൂട്ടറിലാണ് ചെയ്യേണ്ടത്.
- കമ്പ്യൂട്ടറിലും മൊബൈൽ ഫോണിലുമുള്ള വ്യത്യാസം ഓരോ ഭാഗവും അവതരിപ്പിച്ച് കഴിയുമ്പോൾ പറയാവുന്നതാണ്. (കമ്പ്യൂട്ടറിലും മൊബൈലിലും ഒരേ സമയം അവതരിപ്പിക്കുന്നത് പഠിതാക്കളിൽ ആശയക്കുഴപ്പം ഉണ്ടാക്കിയേക്കാം. അതിനാൽ മൊബൈലിൽ ചെയ്തുകാണിക്കേണ്ടതില്ല, വ്യത്യാസം പറയുക മാത്രം മതി).
- മൊബൈലിൽ കാണുന്ന വ്യത്യാസങ്ങൾ കുറിപ്പുകളായി അതാതിടങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്.


### 3.2 പുതിയൊരു ക്ലാസ് തയ്യാറാക്കാം


ഗൂഗ്ൾ ക്ലാസ് റൂം ഉപയോഗിച്ച് ഒരു ക്ലാസ് തയ്യാറാക്കുന്ന വിധം ആർ.പി. പരിചയപ്പെടുത്തുന്നു.

ഇതിനുമുമ്പായി എല്ലാ പഠിതാക്കൾക്കും ഗൂഗ്ൾ ക്രോം ബ്രൗസർ ഉണ്ട് എന്ന് ആർപി ഉറപ്പാക്കണം. (ഇല്ലെങ്കിൽ, Resources ഫോൾഡറിലെ google-chrome-stable_current_amd64.deb ഉപയോഗിച്ച് ഗൂഗ്ൾ ക്രോം ഇൻസ്റ്റാൾ ചെയ്യുക.)

ഗൂഗ്ൾ ക്ലാസ് റൂമിൽ ലോഗിൻ ചെയ്യുന്ന വിധം ആർ.പി. ഡെമോ ചെയ്യുന്നു.

- Applications → Internet → Google Chrome തുറന്ന് അഡ്രസ്ബാറിൽ classroom.google.com നൽകി എന്റർ അമർത്തുക.
- ലഭിക്കുന്ന ജാലകത്തിൽ Go to Classroom ക്ലിക്ക് ചെയ്യുക.
- തുടർന്ന് ലഭിക്കുന്ന ജാലകത്തിൽ തന്നിട്ടുള്ള ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക.
- Classroom ജാലകം തുറന്നുവന്നില്ലെങ്കിൽ, ലോഗിൻ ചെയ്യുമ്പോൾ ലഭിക്കുന്ന ജാലകത്തിലെ Google apps ബട്ടൺ ക്ലിക്ക് ചെയ്ത് Classroom സെലക്റ്റ് ചെയ്യുക. (ഇവിടെ Classroom ആപ്പ് കാണുന്നില്ലെങ്കിൽ ഈ ആപ്പുകൾക്ക് ചുവടെയുള്ള More from Google Workspace ക്ലിക്ക് ചെയ്ത് ലഭിക്കുന്ന പേജിന്റെ താഴെയായി നൽകിയിട്ടുള്ള ആപ്പുകളുടെ കൂട്ടത്തിൽ നിന്ന് തിരഞ്ഞെടുക്കാം).




**കുറിപ്പുകൾ**

1. മൊബൈൽഫോണിലാണെങ്കിൽ Play Store ൽ നിന്ന് Google Classroom ആപ്പ് ഇൻസ്റ്റാൾ ചെയ്യേണ്ടതുണ്ട്.
2. സാധാരണയായി, അധ്യാപകരുടെ മൊബൈൽ ഫോണിൽ അവർക്ക് നിലവിലുള്ള ഗൂഗ്ൾ അക്കൗണ്ട് കോൺഫിഗർ ചെയ്യപ്പെട്ടിരിക്കും. നമ്മുടെ അക്കാദമിക പ്രവർത്തനങ്ങൾക്കായി ജിമെയിലിന്റെതന്നെ മറ്റൊരു ഡൊമൈൻ ആയ kiteschool.in ആണ് ഉപയോഗിക്കുന്നത്. എല്ലാവരും ഈ ഡൊമൈനിലുള്ള ID ആണ് ഉപയോഗിക്കേണ്ടത്. **(കഴിഞ്ഞ ദിവസം ഈ പ്രവർത്തനം മൊബൈൽ ഉപയോഗിച്ച് ചെയ്തിട്ടുണ്ട്. അവ ചെയ്യാത്തവരുണ്ടെങ്കിൽ മൊബൈലിലെ ലോഗിൻ ഇവിടെ പ്രത്യേകം ഡെമോ ചെയ്യേണ്ടതാണ്.)**
3. ഈ അക്കൗണ്ടിലേക്ക് മാറുന്നതിനായി, ഗൂഗ്ൾ അക്കൗണ്ട് ഐക്കണിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന Add another account ഉപയോഗിച്ച് പുതിയ ലോഗിൻ ഐഡി കൊടുക്കുക.

ഇപ്പോൾ ഗൂഗ്ൾ ക്ലാസ് റൂമിൽ പ്രവേശിച്ചുകഴിഞ്ഞു. ഇനി നമുക്ക് ഒരു ക്ലാസ് നിർമ്മിക്കേണ്ടതുണ്ട്.


✔ എല്ലാ വിഷയക്കാർക്കും എളുപ്പം ഗ്രഹിക്കാവുന്ന തരത്തിൽ, **പത്താം ക്ലാസ് ബയോളജിയിലെ നാലാമത്തെ അധ്യായമായ 'അകറ്റിനിർത്താം രോഗങ്ങളെ'** എന്ന അധ്യായമാണ് ഇവിടെ ഡെമോയ്ക്കായി തിരഞ്ഞെടുത്തിട്ടുള്ളത്.


താഴെ കൊടുക്കുന്നവ ചർച്ച ചെയ്ത് പഠിതാക്കളിൽ ഉറപ്പിക്കണം.

- ഓരോ വിഷയത്തിനും പ്രത്യേകം ക്ലാസ് നിർമിക്കുകയാണ് വേണ്ടത്. ഒരു ക്ലാസിനായി നാം തയാറാക്കിയ റിസോഴ്സുകളും അസൈൻമെന്റുകളും നാം പഠിപ്പിക്കുന്ന എല്ലാ ക്ലാസിലേക്കും ഒന്നിച്ച് ഷെയർ ചെയ്യാം.
- അതിലെ പാഠഭാഗങ്ങളെല്ലാം വിവിധ ടോപ്പിക്കുകളിലായി ക്രമീകരിച്ചാണ് വിനിമയം ചെയ്യേണ്ടത്.

എങ്ങനെയാണ് ഒരു ക്ലാസ് നിർമ്മിക്കുന്നത് ? ആർ.പി. ചുവടെ നൽകിയ രീതിയിൽ ഡെമോ ചെയ്യുന്നു.

- മെയിൻ മെനുവിലെ Classes ക്ലിക്ക് ചെയ്യുക.
- തുടർന്ന് Create or join a class (+) ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന മെനുവിൽ നിന്ന് Create class എന്നത് തിരഞ്ഞെടുക്കുക.








തുറന്നുവരുന്ന ജാലകത്തിൽ താഴെക്കാണുന്നതുപോലെ വിവരങ്ങൾ ഉൾപ്പെടുത്തി Create ക്ലിക്ക് ചെയ്യുക.

ക്ലാസിന്റെ പേര് : 10A Biology

സെക്ഷൻ : ഇവിടെ സ്കൂളിന്റെ പേര് കൊടുക്കാം.

വിഷയം : Biology





തുടർന്ന പഠിതാക്കൾ, പത്താം ക്ലാസ് ബയോളജിയ്ക്കായി ഒരു ക്ലാസ് നിർമിക്കുന്നു. RP ആവശ്യമായ പിന്തുണ നൽകുന്നു. (സ്വന്തം വിഷയത്തിനുള്ള ക്ലാസ് പിന്നീടാണ് തയാറാക്കേണ്ടത്.)

തയാറാക്കിയ ക്ലാസിന്റെ ബാനർ പ്രദർശിപ്പിച്ച് RP അവതരിപ്പിക്കുന്നു.

ഇതോടെ നാം 10A ക്ലാസിലെ കുട്ടികൾക്കായി ബയോളജിയുടെ ക്ലാസ് നിർമ്മിച്ചുകഴിഞ്ഞു. (കുട്ടികൾക്കായി പ്രവർത്തനങ്ങളൊന്നും നാമിവിടെ ഉൾപ്പെടുത്തിയിട്ടില്ലെന്ന് മറക്കരുതേ...).

തുടർന്ന്, ക്ലാസ്റൂം ബാനറിലെ വിശദാംശങ്ങൾ മാറ്റുന്നവിധം അവതരിപ്പിക്കുന്നു-

- Select theme ഉപയോഗിച്ച് ക്ലാസിന്റെ തീം മാറ്റുന്നതിനും Upload photo ഉപയോഗിച്ച് പുതിയൊരു തീം ഗാലറിയിലേക്ക് ഉൾപ്പെടുത്താനും സാധിക്കും.




തീമുകളുടെ പ്രാധാന്യം ആർ.പി. വിശദീകരിക്കുന്നു.

- Default ആയി ലഭിക്കുന്ന തീമുകൾ മാറ്റാതിരിക്കുന്നതാണ് നല്ലത്.
- പത്തിലെ കുട്ടികൾക്ക് ഒരേ സമയം 10 ക്ലാസുകൾ കാണേണ്ടതുണ്ട്. ഓരോ ക്ലാസും(വിഷയം) വ്യത്യസ്ത തീമുകളിലാകുന്നത് തിരിച്ചറിയാൻ സഹായകമാകും.
- സ്കൂൾ ഫോട്ടോ ഉൾപ്പെടുത്തി തീമുകൾ തയ്യാറാക്കുന്നുവെങ്കിൽ ഓരോ വിഷയത്തിനും (ഇവിടെ ക്ലാസ്) വ്യത്യസ്തമായവ തയ്യാറാക്കുന്നത് നന്നാകും.

ഇതിനായി തയ്യാറാക്കേണ്ട തീമുകളുടെ വലുപ്പം എത്രയാണെന്ന് ആർ.പി. ഡെമോ ചെയ്ത് കാണിക്കുന്നു.

- ✗ Select theme ക്ലിക്ക് ചെയ്യുക.
- ✗ ഏതെങ്കിലുമൊരു ബനറിൽ റൈറ്റ് ക്ലിക്ക് ചെയ്യുക → Save image as ക്ലിക്ക് ചെയ്ത് ബാനർ സേവ് ചെയ്യുക.
- ✗ ലഭിച്ച ബാനറിൽ റൈറ്റ് ക്ലിക്ക് → Properties → Image സെലക്ട് ചെയ്താൽ Width, Height കാണാം.
- ✗ സ്കൂളിന് സ്വന്തമായി സ്കൂളിന്റെ പേരും ചിത്രവും മറ്റും ചേർത്തിട്ടുള്ള ഒരു പ്രത്യേക ബാനർ നിർമിക്കണമെങ്കിൽ ഈ വലുപ്പത്തിലാണ് ബാനർ നിർമിക്കേണ്ടത്. ഇത് Upload എന്ന സംവിധാനം ഉപയോഗിച്ച് അപ് ചെയ്യുകയും ആകാം. ഇത്തരത്തിലുള്ള ഏതൊരു പ്രവർത്തനവും പ്രഥമ അധ്യാപകന്റെ അറിവോടെയും മേൽനോട്ടത്തിലും സ്കൂളിലെ എല്ലാ വിഷയങ്ങൾക്കും ബാധകമാകുന്നവിധത്തിൽ ആയിരിക്കണം എന്ന് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

തുടർന്ന് Settings തുറന്ന് Class details, General, Grading എന്നിവ ആർ.പി. വിശദീകരിക്കുന്നു.

a) Class details : ഇവിടെ നാം മുമ്പ് നൽകിയ വിവരങ്ങൾ എഡിറ്റ് ചെയ്യാനാകും.

b) General : ഇവിടെ ക്ലാസിന്റേയും Meet ന്റേയും ലിങ്കുകൾ എനേബിൾ ചെയ്യാം. കുട്ടികൾ കമന്റുകൾ നൽകുന്നത് ഒഴിവാക്കാനും ഇവിടെ സാധിക്കും.

c) Grading : ഇവിടെ കുട്ടികളുടെ Overall grade കാണുന്നതിനുള്ള ക്രമീകരണമൊരുക്കാം.

മാറ്റങ്ങൾ വരുത്തിയ ശേഷം Save ചെയ്യേണ്ടതുണ്ട്.

**കുറിപ്പുകൾ**

1. മൊബൈൽ ഫോണിലും മുകളിൽ പറഞ്ഞതുപോലെ തന്നെ ക്ലാസുകൾ നിർമ്മിക്കാം.
2. നിർമ്മിച്ച ക്ലാസ് തുറന്നശേഷം Class settings ൽ മാറ്റം വരുത്താനുമാകും. എന്നാൽ ഇവിടെ About, General എന്നീ രണ്ട് ഭാഗങ്ങളേയുള്ളൂ. Grading ഇല്ല.

**Create Class - Video**

തുടർന്ന്, പഠിതാക്കൾക്ക് തീം മാറ്റുന്നതിനുമുള്ള അവസരം നൽകുന്നു.

## 3.3 തയ്യാറാക്കിയ ക്ലാസിലേക്ക് ടോപ്പിക്കുകൾ ഉൾപ്പെടുത്താം

തുടർന്ന്, ഓരോ അധ്യായവും ഓരോ ടോപ്പിക് ആയി ക്രമികരിക്കേണ്ടതിന്റെ പ്രാധാന്യം ആർ.പി. വിശദീകരിക്കുന്നു.


(ഒരു ക്ലാസ് നിർമ്മിച്ചതിനുശേഷം ക്ലാസിലേക്ക് കുട്ടികളെ ചേർക്കുകയാണ് വേണ്ടത്. എന്നാൽ പരിശീലനപ്രവർത്തനത്തിന്റെ സൗകര്യത്തിന് വിദ്യാർഥികളെ ചേർക്കുന്നത് തുടർന്നുള്ള സെഷനിലാണ് നാം അവതരിപ്പിക്കുന്നത്.)

ഇപ്പോൾ നാം തയ്യാറാക്കിയ ക്ലാസിൽ പാഠഭാഗങ്ങളൊന്നുമില്ലല്ലോ. എങ്ങനെയാണവ ഉൾപ്പെടുത്തുക?

ഓരോ അധ്യായത്തിലേയും പഠനവിഭവങ്ങളും പ്രവർത്തനങ്ങളും എവിടെയാണ് നൽകേണ്ടത്?

- എല്ലാ അധ്യായങ്ങളിലേയും റിസോഴ്സുകളും പ്രവർത്തനങ്ങളും ഒരുമിച്ച് നൽകിയാൽ കുട്ടികൾക്ക് ആശയക്കുഴപ്പമുണ്ടാകും.
- അതിനാൽ, ഓരോ അധ്യായവും ഓരോ ടോപ്പിക് ആയി ക്രമികരിക്കാം.

പഠിതാക്കൾ നിർമ്മിച്ച ക്ലാസിൽ, പത്താം ക്ലാസ് നാലാമത്തെ അധ്യായമായ **അകറ്റി നിർത്താം രോഗങ്ങളെ (Keeping Diseases Away)** എന്ന എന്ന പാഠഭാഗം ഒരു ടോപിക് ആയി ക്രമീകരിക്കുന്ന വിധം ആർ.പി. ഡെമോ ചെയ്യുന്നു. പഠിതാക്കളും ഇതേ പ്രവർത്തനം ചെയ്ത് പരിശീലിക്കുന്നു.




- Classwork → Create → Topic എന്ന തരത്തിൽ ക്ലിക്ക് ചെയ്യുക
- 4_Keeping Diseases Away എന്ന് ടോപിക് ആയി നൽകുക.


ഇതുപോലെ മറ്റ് അധ്യായങ്ങളും ഉൾപ്പെടുത്താം. ബയോളജിയിലെ ഒന്നാമത്തെ അധ്യായമായ Sensations and Responses പഠിതാക്കൾ തനിയെ ഉൾപ്പെടുത്തട്ടെ.


- ഓരോ ടോപിക്കിനും നേരെയുള്ള ⋮ ബട്ടണിൽ ക്ലിക്ക് ചെയ്താൽ Rename, Delete, Move down, ..... തുടങ്ങിയ ഓപ്ഷനുകൾ ലഭിക്കും. ടോപ്പിക്കുകൾ മുകളിലേക്കോ താഴേക്കോ മാറ്റി ക്രമീകരിക്കാം. ഇപ്പോൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന അധ്യായം മുകളിൽ വരുന്ന വിധത്തിലാണ് ക്രമീകരിക്കേണ്ടത്.

(ആർ.പി.യുടെ ഡെമോ.)

**കുറിപ്പുകൾ**

1. മൊബൈൽ ഫോണിൽ Stream, Classwork, People എന്നീ ടാബുകൾ മാത്രമേ ഉള്ളൂ. Grades ഇവിടെയില്ല.
2. Create മെനുവിൽ കമ്പ്യൂട്ടറിൽ കാണുന്ന Quiz assignment ഉം ഫോണിൽ ദൃശ്യമല്ല.




## 3.4 ക്ലാസിലേക്ക് പഠനപ്രവർത്തനങ്ങൾ ഉൾപ്പെടുത്താം

ആർ.പി. അവതരിപ്പിക്കുന്നു.

ഒരു സാധാരണ ക്ലാസിന്റെ ഘടന നാം ആമുഖത്തിൽ പറഞ്ഞുവല്ലോ. എൻട്രി, ക്ലാസ് പ്രവർത്തനങ്ങൾ, തുടർപ്രവർത്തനങ്ങൾ, അസൈൻമെന്റുകൾ, ഇവാല്വേഷൻ എന്നിവ ഏതൊരു ക്ലാസിലും ഉൾപ്പെട്ടിരിക്കും. ഇവയോരോന്നും ഒരു ഗൂഗ്ൾ ക്ലാസ്റൂമിൽ ക്രമീകരിക്കുന്ന വിധം നമുക്ക് പരിചയപ്പെടാം.

## A) എൻട്രി

- ക്ലാസിലേക്കുള്ള ഒരു എൻട്രി പ്രവർത്തനം ഉണ്ടാകും. ഇത് ഒരു കഥ പറഞ്ഞുകൊണ്ടോ കഴിഞ്ഞ ക്ലാസിൽ പഠിച്ച ആശയങ്ങളെ കുറിച്ചുള്ളതോ/പൊതു താല്പര്യം ഉണ്ടായേക്കാവുന്നതോ ആയ ഒരു വീഡിയോ ക്ലിപ്പ് കാണിച്ചുകൊണ്ടോ ആകാം. കുട്ടികളുടെ താല്പര്യം ഉണർത്തുക എന്നതാണ് പ്രത്യക്ഷ ലക്ഷ്യം.


ആർ.പി. **Session3** ഫോൾഡറിൽ നൽകിയിട്ടുള്ള 10Biology_Cha4.pdf എന്ന പാഠഭാഗം പ്രദർശിപ്പിച്ച് അവതരിപ്പിക്കുന്നു.

ഈ പാഠഭാഗത്തിന് എന്തെല്ലാം പ്രവേശകമായി കൊടുക്കാം ?


- സമഗ്രയിൽനിന്ന് ഒരു റിസോഴ്സ് എംബഡ് ചെയ്യാം
- സമഗ്രയിൽനിന്നുള്ള ഒരു ഇന്ററാക്റ്റീവ് ലേണിങ്ങ് മെറ്റീരിയൽ (ക്വിസ് ) എംബഡ് ചെയ്യാം.
- സ്വന്തമായി ഒരു ഡിജിറ്റൽ റിസോഴ്സ് തയ്യാറാക്കി ഡ്രൈവിൽ അപ്ലോഡ് ചെയ്ത് പ്രവർത്തനമായി ഉൾപ്പെടുത്താം.
- ............................

പകർച്ചവ്യാധികളെപ്പറ്റിയുള്ള പത്ര, ടിവി വാർത്തകൾ ഉൾപ്പെടുത്തിയ ഒരു വീഡിയോ സമഗ്രയിലുണ്ട് (Calss 10, Biology, Chapter 4, Topic സാംക്രമിക രോഗങ്ങൾ). സമഗ്ര തുറന്ന് ഈ വീഡിയോ ക്ലാസിലേക്ക് ഒരു എൻട്രി പ്രവർത്തനമായി ചേർക്കുന്ന വിധം താഴെ നൽകിയ രീതിയിൽ ആർ.പി. ഡെമോ ചെയ്യുന്നു.

- സമഗ്ര തുറന്ന് വീഡിയോ മുഴുവൻ കണ്ട് ക്ലാസിന് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തുക.
- Share → Copy ക്ലിക്ക് ചെയ്യുക. ഇപ്പോൾ ഈ വീഡിയോയുടെ ലിങ്ക് കോപ്പി ചെയ്തു കഴിഞ്ഞു. (Classroom സെലക്ട് ചെയ്തും ഈ വീഡിയോ ഉൾപ്പെടുത്താവുന്നതാണ്).




- Classwork → Create → Material തുറക്കുക. (Material ഭാഗത്താണ് പഠനപ്രവർത്തനങ്ങൾ ഉൾപ്പെടുത്തേണ്ടത്).




- ഇപ്പോൾ ലഭിക്കുന്ന ജാലകത്തിൽ Add link ബട്ടൺ ക്ലിക്ക് ചെയ്ത് കോപ്പി ചെയ്ത ലിങ്ക് ഉൾപ്പെടുത്തുക.
- Title, Description എന്നിവ ടൈപ്പ് ചെയ്ത് ചേർക്കുക. ഉൾപ്പെടുത്തിയ പഠനവിഭവം എന്തുചെയ്യണമെന്ന വിശദാംശമാണ് Description ൽ ഉൾപ്പെടുത്തേണ്ടത്. (Session3/Description3.txt എന്ന ഫയലിൽ Material-1 ആയി ഇവ നൽകിയിട്ടുണ്ട്. ടൈപ്പ് ചെയ്യുന്നത് പ്രയാസമാണെങ്കിൽ ഇവിടെ നിന്ന് കോപ്പിചെയ്താലും മതി).
- For എന്ന ഭാഗത്ത് ഏത് ക്ലാസിലെ കുട്ടികൾക്ക് എന്ന് നിശ്ചയിക്കാം. **Topic ആയി നാലാമത്തെ അധ്യായം (4_Keeping Diseases Away) സെലക്ട് ചെയ്യണം.**
- Post ക്ലിക്ക് ചെയ്യുക.

**കുറിപ്പ്**

സമഗ്രയിൽ മേൽപറഞ്ഞ രീതിയിലുള്ള റിസോഴ്സുകൾ ആരെങ്കിലും ചേർത്തിട്ടുണ്ടെങ്കിൽ മാത്രമേ ഇത്തരത്തിലുള്ള ഉപയോഗം സാധ്യമാകുകയുള്ളൂ. നാം നിർമിക്കുന്ന പഠനവിഭവങ്ങൾ കേരളം മുഴുവൻ ഉപയോഗിക്കാൻ പര്യാപ്തമാണെങ്കിൽ ഗൂഗ്ൾ ഡ്രൈവിനൊപ്പം സമഗ്രയിൽ കൂടി അപ്‌ലോഡ് ചെയ്യുന്നത് പരിഗണിക്കുക. എസ്.സി.ഇ.ആർ.ടിയുടെപരിശോധനയും അംഗീകാരവും ലഭിച്ച ശേഷമേ അപ്‌ലോഡ് ചെയ്ത റിസോഴ്സുകൾ പൊതുഉപയോഗത്തിന് ലഭ്യമാകുകയുള്ളൂ എന്നതു കൂടി ഓർക്കുക.

തുടർന്ന്, പഠിതാക്കൾ അവർ തയാറാക്കിയ ക്ലാസിൽ മെറ്റീരിയലായി സമഗ്രയിലെ പ്രസ്തുത റിസോഴ്സ് ഉൾപ്പെടുത്തി പോസ്റ്റ് ചെയ്യുന്നു. **(Topic - 4_Keeping Diseases Away)**

ആർ.പി. ആവശ്യമായ പിന്തുണ നൽകുന്നു.

## B) ക്ലാസ് പ്രവർത്തനങ്ങൾ

ആർ.പി. അവതരിപ്പിക്കുന്നു.

ഇപ്പോൾ നാം സമഗ്രയിലെ ഒരു റിസോഴ്സാണ് മെറ്റീരിയലായി നമ്മുടെ ക്ലാസിൽ ഉൾപ്പെടുത്തിയത്.

അനുയോജ്യമായ ക്ലാസ് പ്രവർത്തനങ്ങളിലൂടെ പാഠഭാഗത്തിലെ പുതിയ ആശയങ്ങൾ അവതരിപ്പിക്കപ്പെടേണ്ടതുണ്ടല്ലോ. ഇതെങ്ങനെ സാധ്യമാക്കാം ?

- കൈറ്റ് വിക്റ്റേഴ്സിലൂടെ പ്രക്ഷേപണം ചെയ്യുന്ന വീഡിയോ ക്ലാസുകൾ ഉപയോഗിക്കാം.
- സ്വന്തമായി ക്ലാസുകൾ തയ്യാറാക്കി നൽകാം
- ഗൂഗ്ൾ മീറ്റ് വഴി ലൈവ് ക്ലാസുകൾ നൽകാം
- ..................................

ഫസ്റ്റ് ക്ലാസുകൾ നമ്മുടെ ക്ലാസിൽ ഒരു മെറ്റീരിയലായി ഉൾപ്പെടുത്തിയാലോ? നമുക്ക് പരിശോധിക്കാം


## C. ഫസ്റ്റ്ബെൽ ക്ലാസുകൾ ഉൾപ്പെടുത്താം


തുടർന്ന്, ഫസ്റ്റ് ബെൽ ക്ലാസുകൾ ഉൾപ്പെടുത്തുന്ന വിധം ചുവടെ നൽകിയ രീതിയിൽ ആർ.പി. ഡെമോ ചെയ്യുന്നു.

- Classwork → Create → Material സെലക്റ്റ് ചെയ്യുക.
- മുമ്പ് കണ്ടതുപോലെ Title, Description, Topic, For എന്നിവ ചേർക്കുക. (Session3/Description3.txt എന്ന ഫയലിൽ Material-2 ആയി ഇവ നൽകിയിട്ടുണ്ട്).
- താഴെ രണ്ട് ബട്ടണുകളുണ്ട്. Add ഉം Create ഉം
  - മുൻകൂട്ടി തയാറാക്കിയിട്ടുള്ളവ Add വഴി ചേർക്കാം
  - അപ്ലിക്കേഷനുകൾ വഴി തത്സമയം തയാറാക്കുന്നവ Create വഴി ഉൾപ്പെടുത്താം





**കുറിപ്പ്** : അപ്ഡേറ്റ് ചെയ്ത ബ്രൗസറിൽ Create, Add തുടങ്ങിയവ ഐക്കണുകളായാണ് ദൃശ്യമാകുന്നത്.




Create ബട്ടണിലെ അപ്ലിക്കേഷനുകൾ ഉപയോഗിക്കുമ്പോൾ, വിദ്യാർഥികളുടെ മൊബൈൽ ഫോണിലും അവ ഉപയോഗിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്നത് പ്രത്യേകം സൂചിപ്പിക്കേണ്ടതാണ്. തുടർന്ന്,

- ബ്രൗസറിൽ ഒരു ടാബ് കൂടി തുറന്ന് അതിൽ https://firstbell.kite.kerala.gov.in/ എന്ന് നൽകി സൈറ്റിലേക്ക് പ്രവേശിക്കുക.
- ഉൾപ്പെടുത്തേണ്ട വീഡിയോയിൽ റൈറ്റ് ക്ലിക്ക് ചെയ്ത് Copy link address ക്ലിക്ക് ചെയ്യുക. (2020-21 ലെ പത്താംതരം ബയോളജിയുടെ 24-ാമത്തെ എപ്പിസോഡാണ് ഇവിടെ ഉൾപ്പെടുത്തേണ്ടത്).
- നാം തയ്യാറാക്കുന്ന ക്ലാസിന്റെ Material ജാലകത്തിൽ Add link ബട്ടൺ ക്ലിക്ക് ചെയ്ത് കോപ്പി ചെയ്ത ലിങ്ക് ഉൾപ്പെടുത്തുക.
- Add link ക്ലിക്ക് ചെയ്യുക




**കുറിപ്പുകൾ**

1. മൊബൈൽ ഫോണിലും Attach(Add എന്നതിന് പകരം), Create എന്നീ ബട്ടണുകൾ കാണാം.
2. Attach ബട്ടണിലെ ഓപ്ഷനുകളിൽ വ്യത്യസമുണ്ട്. കമ്പ്യൂട്ടറിലുള്ള YouTube ഇവിടെയില്ല. എന്നാൽ കമ്പ്യൂട്ടറിലില്ലാത്ത Take photo, Record video എന്നീ രണ്ട് ഓപ്ഷനുകൾ ഇവിടെ കാണാം.
3. Create ബട്ടണിൽ New PDF മാത്രമേയുള്ളൂ.

പഠിതാക്കൾ, https://firstbell.kite.kerala.gov.in/ എന്ന സൈറ്റിലെ വീഡിയോ (2020-21 ലെ പത്താംതരം ബയോളജിയുടെ 24-ാമത്തെ എപ്പിസോഡ് ) ലിങ്ക് കോപ്പി ചെയ്ത് അവർ തയാറാക്കിയ ക്ലാസിൽ Material-2 ആയി ഉൾപ്പെടുത്തുന്നു. (Topic - 4_Keeping Diseases Away)

ടോപിക് സെലക്ട് ചെയ്യേണ്ട കാര്യം പ്രത്യേകം ഓർമ്മിപ്പിക്കേണ്ടതാണ്.

**D. ഒരു ഫയൽ ഡ്രൈവിലേക്ക് അപ്‌ലോഡ് ചെയ്ത് ക്ലാസിലുൾപ്പെടുത്തുന്ന വിധം**

പഠനപ്രവർത്തനങ്ങളിലെ പ്രധാനപ്പെട്ട ഒരിനമാണ് പഠനക്കുറിപ്പുകൾ തയ്യാറാക്കൽ. പാഠഭാഗത്തെ ആശയങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി ഒരു വീഡിയോ കുട്ടികൾക്ക് നൽകിക്കഴിഞ്ഞു. ഈ വീഡിയോയും ടെക്സ്റ്റ് ബുക്കും ഉപയോഗപ്പെടുത്തി ഒരു പഠനക്കുറിപ്പ് തയ്യാറാക്കേണ്ട പ്രവർത്തനം കുട്ടികൾക്കായി നൽകുന്നതെങ്ങനെയെന്ന് നോക്കാം.

ഇതിനായി **Session3** ഫോൾഡറിലുള്ള Chapter4_Notes.pdf എന്ന ഫയൽ ഡ്രൈവിലേക്ക് അപ് ലോഡ് ചെയ്യുന്ന വിധം ആർ.പി. ഡെമോ ചെയ്യുന്നു. (ഈ ഫയൽ പഠിതാക്കൾക്ക് നൽകിയ ഫോൾഡറിലുണ്ട്.)

- ✗ Classwork → Create → Material സെലക്ട് ചെയ്യുക.
- ✗ Title, Description, Topic, For എന്നിവ ചേർക്കുക. (Session3/Description3.txt എന്ന ഫയലിൽ Material-3 ആയി ഇവ നൽകിയിട്ടുണ്ട്. ഇതുപോലെ ടൈപ്പ് ചെയ്ത് ചേർക്കാം).
- ✗ Topic - 4_Keeping Diseases Away
- ✗ തുടർന്ന് Add → File ക്ലിക്ക് ചെയ്യുക
- ✗ Upload ടാബ് സെലക്ട് ചെയ്തശേഷം Browse ചെയ്ത് തയ്യാറാക്കിയ Chapter4_Notes എന്ന ഫയൽ ഓപൺ ചെയ്യുക.
- ✗ Post ക്ലിക്ക് ചെയ്യുക

പഠിതാക്കൾ Chapter4_Notes.pdf എന്ന ഫയൽ Material-3 ആയി തങ്ങളുടെ ക്ലാസിൽ ചേർക്കുന്നു. (Topic - 4_Keeping Diseases Away)

ഉൾപ്പെടുത്തിയ മെറ്റീരിയലുകൾ/പ്രവർത്തനങ്ങൾ നമ്പറുകൾ നൽകി ക്രമീകരിക്കേണ്ടതിന്റെ ആവശ്യകത ആർ.പി. ബോധ്യപ്പെടുത്തുന്നു. ആർ.പി.യുടെ ഡെമോ.

- നാം ഇതുവരെയായി മൂന്ന് മെറ്റീരിയലുകൾ ഉൾപ്പെടുത്തിക്കഴിഞ്ഞു. ഈ പാഠഭാഗത്തിനുവേണ്ടി ഇനി അസൈൻമെന്റുകളും മറ്റും ചേർക്കേണ്ടതുമുണ്ട്.
- ഈ അധ്യായത്തിന്റെ ബാക്കിഭാഗങ്ങൾ വിനിമയം ചെയ്യുമ്പോൾ കൂടുതൽ പഠനവിഭവങ്ങളും പ്രവർത്തനങ്ങളും ഉൾപ്പെടുത്തേണ്ടിയും വരും.

ഇവ തമ്മിൽ മാറിപ്പോകാനിടയില്ലേ? അതിനാൽ ടൈറ്റിൽ നൽകുമ്പോൾ പേരിന്റെ കൂടെ,

- ➢ അധ്യായത്തിന്റെ നമ്പർ (4 -ാമത്തെ അധ്യായം)
- ➢ ഈ അധ്യായത്തിലെ ഫസ്റ്റ്ബെൽക്ലാസിന്റെ നമ്പർ/സബ്ടോപിക് നമ്പർ (1-ാമത്തെ ക്ലാസ്)
- ➢ പ്രവർത്തനത്തിന്റെ എണ്ണം ( 3 -ാമത്തെ പ്രവർത്തനം)

എന്നിവ കൂടി ഉൾപ്പെടുത്താം. ഉദാഹരണമായി, നാലാം അധ്യായത്തിലെ ഒന്നാമത്തെ ക്ലാസിലെ മൂന്നാമത്തെ പ്രവർത്തനമായി നൽകിയതിന്റെ ടൈറ്റിലായി ***4.1.3. Worksheet -Note Preperation*** എന്ന് കൊടുക്കാം.

ആർ.പി. യുടെ ഡെമോയ്ക്കുശേഷം പഠിതാക്കൾ ഇതുവരെയായി ഉൾപ്പെടുത്തിയ മെറ്റീരിയലുകൾ എഡിറ്റ് ചെയ്ത് ടൈറ്റിലുകളുടെ കൂടെ നമ്പറുകൾ ചേർക്കുന്നു.

തുടർന്ന് കുട്ടികൾ ആദ്യം കാണേണ്ടത് മുകളിൽ വരുന്ന വിധത്തിൽ പഠിതാക്കൾ മെറ്റീരിയലുകൾ ക്രമീകരിക്കുന്നു.

- ➔ ഓരോ ടോപികിനും നേരെയുള്ള ⋮ ബട്ടണിൽ ക്ലിക്ക് ചെയ്താൽ Move down, Move up തുടങ്ങിയ ഓപ്ഷനുകൾ ലഭിക്കും. ഇവയുപയോഗിച്ച് ഓരോ Material ഉം മുകളിലേക്കോ താഴേക്കോ മാറ്റി ക്രമീകരിക്കാം. (ഡ്രാഗ് ചെയ്തും മാറ്റാവുന്നതാണ്).

### E. അറിയിപ്പുകൾ നൽകാം

Stream ലെ Announce something to your class ന്റെ പ്രാധാന്യം ആർ.പി. വിശദമാക്കുന്നു.


നാം പഠനവിഭവവും പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയ വിവരം കുട്ടികളെ അറിയിക്കേണ്ടതില്ലേ ? എങ്കിലല്ലേ അവർക്ക് പ്രവർത്തനങ്ങൾ ചെയ്യാനാകൂ... ?

ഉദാഹരണമായി,


- നിങ്ങൾക്ക് രണ്ട് പ്രവർത്തനങ്ങൾ ചേർത്തിട്ടുണ്ട്. ചെയ്തു നോക്കുക.
- ഇന്ന് മൂന്ന് മണിക്ക് ഗൂഗ്ൾ മീറ്റിൽ ചർച്ച ഷെഡ്യൂൾ ചെയ്തിട്ടുണ്ട് . എല്ലാവരും മൂന്ന് മണിക്ക് ലോഗിൻ ചെയ്ത് ചർച്ചയിൽ അറ്റന്റ് ചെയ്യുക .

ഇത്തരം അനൗൺസ്മെന്റുകൾ എങ്ങനെ ചെയ്യാം? അതിന് ഏതെല്ലാം ഓൺലൈൻ മീഡിയം ഉപയോഗിക്കാം ?

- ◆ വിവിധ മെസേജിങ് ഗ്രൂപ്പ് സംവിധാനങ്ങൾ ഉപയോഗിക്കാം.
- ◆ Classroom ൽ തന്നെയുള്ള അനൗൺസ്മെന്റ്സിനുള്ള സംവിധാനമുപയോഗിക്കാം.
- ◆ മെയിലിലെ **Rooms** സംവിധാനം ഉപയോഗിക്കാം.




തുടർന്ന് Announce something to your class ഉപയോഗിക്കുന്നവിധം പരിചയപ്പെടുത്തുന്നു.




പഠിതാക്കൾ ഈ പ്രവർത്തനം ചെയ്യുന്നു.

## 3.5- ഓൺലൈൻ ഇന്ററാക്ഷനും സംശയദൂരീകരണവും (google meet)

Google meet ന്റെ പ്രാധാന്യം വിശദീകരിക്കുന്ന പ്രവർത്തനം. കുട്ടികൾ ക്ലാസ് കാണുകയും നോട്ട്സ് തയ്യാറാക്കുകയും ചെയ്തുകഴിഞ്ഞു. ഈ ഘട്ടത്തിൽ കുട്ടികൾക്കുണ്ടായേക്കാവുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിനായി Google meet നടത്താം.

എന്തിനാണ് ഗൂഗ്ൾ മീറ്റ്? എങ്ങനെയാണിത് പ്രയോജനപ്പെടുത്തേണ്ടത്? ചുവടെക്കാണുന്നതു പോലെ ആർ.പി. ക്രോഡീകരിക്കുന്നു.

- കുട്ടികളുമായി നേരിട്ട് സംവദിക്കാൻ
- നേരിട്ട് സംശയ നിവാരണം നടത്താൻ
- ..........................................
- ..........................................

വിക്ടേഴ്സ് ചാനലിലൂടെയുള്ള ക്ലാസ്സുകളെ സഹായിക്കുന്ന വിധത്തിലുള്ള മീറ്റുകൾ ഹ്രസ്വവും കാര്യമാത്രപ്രസക്തവുമാകുന്നതാണ് നല്ലത്. ഇത് രണ്ട് തരത്തിൽ ആകാം.

- ചാനൽ വഴിയുള്ള ക്ലാസിന്റെ സംശയനിവാരണത്തിന്
- കുട്ടികൾ ആവശ്യപ്പെട്ട കൂടുതൽ കാര്യങ്ങൾ ഉൾപ്പെടുത്തി ക്ലാസ് സ്വന്തമായി നടത്തുന്നതിന്

### A. ഗൂഗിൾ ക്ലാസ്സ് റൂം ഉപയോഗിച്ച് മീറ്റ് നടത്താം

ആർപി ക്ലാസിലുള്ള മീറ്റിങ് ലിങ്ക് ഉപയോഗിച്ച് മീറ്റ് നടത്തുന്നവിധം പരിചയപ്പെടുത്തുന്നു. തലേദിവസം പഠിതാക്കൾക്ക് നൽകിയ Sample Class ഉപയോഗിച്ചാണ് ഇത് നടത്തേണ്ടത്. ഇതിൽ ആർ.പി. teacher ഉം പഠിതാക്കൾ students ഉം ആണല്ലോ. ഈ പ്രവർത്തനത്തിൽ ആർ.പി. കമ്പ്യൂട്ടറും പഠിതാക്കൾ മൊബൈൽ ഫോണും ഉപയോഗിക്കുന്നതാണ് സൗകര്യപ്രദം.

(ക്ലാസിന്റെ തുടർച്ച നഷ്ടപ്പെടാതിരിക്കുന്നതിനുവേണ്ടി അസൈൻമെന്റുകൾ കൂടി ഉൾപ്പെടുത്തിക്കഴിഞ്ഞശേഷം മീറ്റ് നടത്തുന്നതും പരിഗണിക്കാം. പക്ഷേ മീറ്റിന്റെ സാധ്യത കുട്ടികൾക്ക് സംശയങ്ങളുണ്ടാകുന്ന ഘട്ടത്തിലാണെന്ന് പഠിതാക്കളെ ബോധ്യപ്പെടുത്തേണ്ടതിനാലാണ് മീറ്റ് ഈ ഘട്ടത്തിൽ പ്ലാൻ ചെയ്യുന്നത്.).


എങ്ങനെയാണ് ഗൂഗിൾ ക്ലാസ്സ് റൂം ഉപയോഗിച്ച് മീറ്റ് നടത്തുക? ആർ.പി.ഡെമോ ചെയ്യുന്നു.

- ✔ തയ്യാറാക്കിയ ക്ലാസിന്റെ Settings തുറക്കുക
- ✔ General ടാബിന് താഴെയുള്ള Generate Meet link ക്ലിക്ക് ചെയ്ത് ലിങ്ക് ആക്റ്റീവ് ആക്കുക. (**Stream** ഏരിയലിലും ലിങ്ക് ക്രിയേറ്റ് ചെയ്യാനുള്ള സൗകര്യം ലഭ്യമാണെന്നും സൂചിപ്പിക്കാം)



നാമുണ്ടാക്കിയ ക്ലാസിന്റെ മീറ്റ് ലിങ്ക് കുട്ടികൾക്ക് എങ്ങനെയാണ് ലഭിക്കുക?

- Visible to Students എന്ന ഓപ്ഷൻ Enable ചെയ്യുക. ഇതോടെ പഠിതാക്കളുടെ ഫോണിൽ മീറ്റിന്റെ ഐക്കൺ പ്രത്യക്ഷപ്പെടുന്നു. ഇതിൽ അമർത്തി കുട്ടികൾക്ക് മീറ്റിലേക്ക് പ്രവേശിക്കാവുന്നതാണ്.
- തുടർന്ന് എല്ലാ പഠിതാക്കളും മീറ്റിൽ ജോയിൻ ചെയ്യുന്നു.




ക്ലാസിന്റെ ബാനറിലുള്ള മീറ്റ് ലിങ്കിൽ ക്ലിക്ക് ചെയ്ത് അധ്യാപിക ആദ്യം മീറ്റിൽ പ്രവേശിച്ചശേഷം മാത്രം Visible to Students എന്ന ഓപ്ഷൻ Enable ചെയ്യുന്നതാണ് നല്ലത്.

ഇതിന്റെ ആവശ്യകത ആർ.പി. വിശദീകരിക്കുന്നു.


- അധ്യാപിക ജോയിൻ ചെയ്യുന്നതിന് മുൻപ് കുട്ടികൾ ലിങ്കിൽ ക്ലിക്ക് ചെയ്താൽ You can't Join this meeeting എന്ന മെസേജ് വരും. ഇത് കുട്ടികൾക്ക് കൺഫ്യൂഷൻ ഉണ്ടാക്കും. ആയതിനാൽ, സമയത്തിന് 5 മിനിട്ട് മുൻപേ അധ്യാപിക മീറ്റിൽ ജോയിൻ ചെയ്യുക.

ഗൂഗ്ൾ ക്ലാസ്റൂം വഴിയുള്ള മീറ്റിന് എന്തെങ്കിലും പ്രത്യേകതകളുണ്ടോ?

- ✔ സെക്യൂരിറ്റി - പ്രത്യേക ഡൊമൈൻ ആയതിനാൽ പുറത്ത് നിന്നുള്ളവർക്ക് ജോയിൻ ചെയ്യാൻ സാധിക്കില്ല (workspace account)
- ✔ ഇൻവൈറ്റ് ചെയ്തവർക്ക് നേരിട്ട് മീറ്റിൽ പ്രവേശിക്കാം, Host Controls സൗകര്യങ്ങൾ ലഭ്യമാണ്

ഗൂഗ്ൾ ക്ലാസ്റൂം വഴിയുള്ള മീറ്റിലെ മറ്റു സൗകര്യങ്ങൾ ആർ.പി. വിശദീകരിക്കുന്നു. ആർ.പി. യുടെ ഡെമോ മാത്രം മതിയാകും.

- ✗ പാർട്ടിസിപന്റ്സിനെ മ്യൂട്ട് ചെയ്യാനുള്ള സംവിധാനം
- ✗ Control Sharing screen
- ✗ Control Chatting
- ✗ Recording (റിക്കോർഡ് ചെയ്ത വീഡിയോ ഗൂഗിൾ ഡ്രൈവിൽ Meet Recordings എന്ന ഫോൾഡറിൽ സേവ് ആകുന്നതാണ്.)



✗ Hand Raise

✗ Captions


✗ ഒരു മീറ്റിൽ പരമാവധി 100 കുട്ടികളെ വരെ മാത്രമേ നിലവിൽ പ്രവേശിപ്പിക്കാം

✗ White board (ജാം ബോർഡ്)

✗ Presentation അഥവാ സ്ക്രീൻ ഷെയറിംഗ്


ആർ.പി. ഓരോന്നും വിശദീകരിക്കുന്നു. ⋮ ക്ലിക്ക് ചെയ്യുക. ഇപ്പോൾ ലഭിക്കുന്ന,

- Whiteboard ഉപയോഗിച്ച് എഴുതി കാണിക്കാം. ഇത് pdf രൂപത്തിൽ ഗൂഗിൾ ഡ്രൈവിൽ സേവ് ആകുന്നു.
- Record Meeting ഉപയോഗിച്ച് ക്ലാസ്സ് റെക്കോർഡ് ചെയ്യാം. ഇത് പിന്നീട് കുട്ടികൾക്ക് ഷെയർ ചെയ്യാവുന്നതാണ്.
- Participants ക്ലിക്ക് ചെയ്താൽ പങ്കെടുക്കുന്ന കുട്ടികളെ കാണാം, അവരെ Mute ചെയ്യാം, Unmute ചെയ്യാം




⋮ ക്ലിക്ക് ചെയ്താൽ ലഭിക്കുന്ന Settings സെലക്ട് ചെയ്യുമ്പോൾ,

- Host Controls ഉപയോഗിച്ച് മീറ്റിൽ പങ്കെടുക്കുന്നവരുടെ Screen Share, മെസ്സേജ് അയക്കൽ എന്നിവ നിയന്ത്രിക്കാം




**Quick access** ഡിസേബിൾ ചെയ്താൽ KITE ഡൊമൈനിലുള്ള, നമ്മുടെ ക്ലാസിലല്ലാത്ത കുട്ടികൾ മീറ്റിൽ നേരിട്ട് പ്രവേശിക്കുന്നത് തടയാം. ഹോസ്റ്റ് എല്ലാവരെയും admit ചെയ്യണം

മീറ്റ് കഴിഞ്ഞാൽ അധ്യാപിക മീറ്റ് അവസാനിപ്പിക്കുക. Visible to Students എന്ന ഓപ്ഷൻ ഡിസേബിൾ ചെയ്ത് വെക്കുക. എല്ലായ്പോഴും ഒരേ ലിങ്ക് തന്നെ ഉപയോഗിക്കണമെന്നില്ല. ലിങ്ക് റീസെറ്റ് ചെയ്യുന്നതിനുള്ള ഓപ്ഷനും Settings ലുണ്ട്.


### B. ഗൂഗിൾ കലണ്ടറിൽ event ആയി Meet ഉൾപ്പെടുത്തുന്ന വിധം

ഗൂഗിൾ കലണ്ടറിൽ event ആയി Meet ഉൾപ്പെടുത്തുന്ന വിധം ആർ.പി. ഡെമോ ചെയ്യുന്നു.

- ✔ ഗൂഗിൾ ആപ്സിൽ ക്ലിക്ക് ചെയ്താൽ തുറന്ന് വരുന്ന ലിസ്റ്റിൽ നിന്നും കലണ്ടർ സെലക്റ്റ് ചെയ്യുക
- ✔ ആവശ്യമുള്ള തീയതിയിൽ മൗസ് ക്ലിക്ക് ചെയ്ത് Event ക്രിയേറ്റ് ചെയ്യാൻ സാധിക്കും. Event വിൻഡോയിൽ ആവശ്യമുള്ള വിശദാംശങ്ങൾ നൽകി സേവ് ചെയ്യുക.




- ✔ മീറ്റ് ആഡ് ചെയ്യാനും കുട്ടികളുടെ ഇ-മെയിൽ വിലാസം ഉപയോഗിച്ച് അവരെ ഗസ്റ്റ് അയി ആഡ് ചെയ്യാനും സാധിക്കും. (താഴെയുള്ള ചിത്രം നോക്കുക)



**കുറിപ്പുകൾ**

1. മൊബൈൽ ഫോണിൽ മീറ്റിന്റെ ലിങ്ക് ആക്ടീവ് ആക്കുന്നതിന്,
    - ക്ലാസിന്റെ സെറ്റിംഗ്സ് തുറക്കുക
    - Meet video link ലെ None മാറ്റി Create video call ആക്കുക
2. Visible to students എനേബിൾ ചെയ്താൽ ലിങ്ക് കുട്ടികൾക്ക് ലഭിക്കും.
3. **Meeting അവസാനിച്ചാൽ അധ്യാപിക End the Call ഉപയോഗിച്ച് മീറ്റിങ് അവസാനിപ്പിക്കേണ്ടതാണ്.**

************************

## സെഷൻ – 4: ക്ലാസിലേക്ക് തുടർപ്രവർത്തനങ്ങളും അസൈൻമെന്റുകളും ഉൾപ്പെടുത്താം

**(12.30 PM -1.30 PM )**

RP അവതരിപ്പിക്കുന്നു.

നാമിപ്പോൾ ഒരു ക്ലാസ് നിർമ്മിച്ച് അതിലേക്കാവശ്യമായ പ്രവർത്തനങ്ങളെല്ലാം ഉൾപ്പടുത്തിക്കഴിഞ്ഞു. കുട്ടികൾ വീഡിയോ ക്ലാസ് കാണുകയും മീറ്റ് വഴി സംശയദൂരീകരണം നടത്തുകയും പഠനപ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തുകഴിഞ്ഞു.

ഇനി,

- കുട്ടികൾക്കാവശ്യമായ തുടർപ്രവർത്തനങ്ങൾ സജ്ജീകരിക്കണം
- പഠനം വിലയിരുത്തുന്നതിനാവശ്യമായ അസൈൻമെന്റുകൾ നൽകണം

ഇവ കൂടി നല്കുമ്പോഴല്ലേ ഒരു ക്ലാസ് സമ്പൂർണമാകുന്നത്. അതിനാൽ ഇക്കാര്യങ്ങളാണ് ഈ സെഷനിൽ പരിശോധിക്കുന്നത്.

### 4.1 - തുടർപ്രവർത്തനങ്ങൾ ഉൾപ്പെടുത്താം.

എന്തൊക്ക തുടർപ്രവർത്തനങ്ങൾ (ഫോളോഅപ്പ് ആക്റ്റിവിറികൾ) പഠനപ്രക്രിയയുടെ ഭാഗമായി നൽകാൻ കഴിയും?

ആർ.പി. താഴെക്കാണുന്ന വിധത്തിൽ ക്രോഡീകരിക്കുന്നു.

- ✔ പഠിച്ച പാഠഭാഗത്തിൽനിന്ന് സാധിക്കുന്ന അത്രയും ചോദ്യങ്ങൾ ഓരോ കുട്ടിയും തയ്യാറാക്കുക. ഗൂഗ്ൾ മീറ്റ് വഴി **ഡിബേറ്റ്** നടത്താം
- ✔ പാഠഭാഗത്തിലെ പ്രസക്തമായി ഭാഗങ്ങളെകുറിച്ച് പോസ്റ്റർ, കാർട്ടൂൺ തുടങ്ങിയവ തയ്യാറാക്കാം
- ✔ ഒരു ചിത്രം തരുന്നു. ഇതിന് നല്ല ഒരു അടിക്കുറിപ്പ് തയ്യാറാക്കാം
- ✔ ഒരു വീഡിയോ ക്ലിപ്പ് അയക്കുന്നു. ഇതിന് പറ്റിയ ഒരു നറേഷൻ റിക്കോർഡ് ചെയ്യാം
- ✔ പാഠഭാഗത്തിന്റെ ഭാവാത്മക വായന റിക്കോർഡ് ചെയ്യാം.
- ✔ ഒരു വീഡിയോ/ഇന്ററാക്റ്റീവ് അനിമേഷൻ (സമഗ്ര) ഷെയർ ചെയ്യുന്നു. അതു കണ്ട് കുറിപ്പ് തയ്യാറാക്കാം.
- ✔ നിരീക്ഷണ കുറിപ്പ്, പരീക്ഷണങ്ങളുടെ പ്രോസീജിയർ ഡോക്യുമെന്റേഷൻ തുടങ്ങിയവ തയ്യാറാക്കാം.
- ✔ GeoGebra aplets and related activities
- ✔ ചാർട്ടുകളും ഗ്രാഫുകളും നിർമിക്കുകയും വിശകലനം ചെയ്യുകയും ചെയ്യാം.
- ✔ ....................................................
- ✔ ....................................................

മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ, സാധ്യമായ എല്ലാതരം മൂല്യവർദ്ധിത ആശയ ഉത്പന്നങ്ങളും തുടർപ്രവർത്തനങ്ങളാണ്. കുട്ടികൾക്ക് ഇവ കമ്പ്യൂട്ടറിലോ, മൊബൈൽ ഫോണിലോ നോട്ടുപുസ്തകത്തിലോ ചെയ്യാം. മുകളിൽ കൊടുത്തവയിലുള്ളതോ മറ്റനേകം സാധ്യതകളിൽനിന്ന് തിരഞ്ഞെടുത്തതോ ആയ ഒരു തുടർപ്രവർത്തനം എങ്ങനെ ഉൾപ്പെടുത്താം എന്ന് പരിശോധിക്കാം.

പ്രവർത്തനഫലങ്ങൾ അധ്യാപികയുടെ തീരുമാനം അനുസരിച്ച് ഡിജിറ്റൽ ഫയലായോ നോട്ടുപുസ്തകത്തിൽ ചെയ്തതിന്റെ ഫോട്ടോയായോ അപ്‌ലോഡ് ചെയ്യാം. അപ്‌ലോഡ് ചെയ്യുക എന്ന് നിർബന്ധമല്ല. ഇത്തരം തുടർപ്രവർത്തനങ്ങളും അസൈമെന്റുകളും ഗൂഗിൾ ക്ലാസ് റൂമിൽ നല്കുന്നതിനെന്തെല്ലാം മാർഗങ്ങളുണ്ട്?

- Assignment tab വഴി
- Quiz Assignment ആയി
- Question ആയി


**Question ആയി തുടർപ്രവർത്തനം ഉൾപ്പെടുത്തൽ**

**തുടർന്ന് പുതിയതായി തയാറാക്കിയ ക്ലാസിൽ തന്നെ ലോഗിൻ ചെയ്ത്** Question ആയി തുടർപ്രവർത്തനം ഉൾപ്പെടുത്തുന്നത് താഴെ നൽകിയ രീതിയിൽ പരിശീലകൻ അവതരിപ്പിക്കുന്നു

*എലിപ്പനി പകരാതിരിക്കുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തല്ലാമാണ്? നിങ്ങളുടെ പരിസരത്ത് അത്തരം സാഹചര്യങ്ങളുണ്ടോയെന്ന് പരിശോധിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.*

ഇങ്ങനെയൊരു തുടർപ്രവർത്തനമെങ്ങനെ ഉൾപ്പെടുത്താം. ആർ.പി. വിശദീകരിക്കുന്നു.

- Classwork → Create → Question ക്ലിക്ക് ചെയ്ത്,





- ടൈറ്റിൽ ആയി **4.1.4 *എലിപ്പനി - മുൻകരുതലുകൾ*** എന്ന് നൽകുന്നു
- Instructions ൽ പ്രവർത്തനം ഉൾപ്പെടുത്തുന്നു (Session4/Description4.txt നോക്കുക)
- പൂർത്തിയാക്കേണ്ട തീയ്യതിയും സമയവും നല്കുന്നു.
- ടോപിക് സെലക്ട് ചെയ്യുന്നു.(4_Keeping Diseases Away)
- ആവശ്യമായ മറ്റ് മാറ്റങ്ങളും ഉൾപ്പെടുത്തിയശേഷം Assign ക്ലിക്ക് ചെയ്യുന്നു.

Question ആയി ഉൾപ്പെടുത്തിയവയ്ക്ക് ഉത്തരം ടൈപ്പ് ചെയ്തു മാത്രമേ നൽകാനാവൂ.

പഠിതാക്കൾ Session4/Description4.txt പ്രയോജനപ്പെടുത്തി ഈ പ്രവർത്തനം ചെയ്യുന്നു.

### 4.2 അസൈമെന്റുകൾ ഉൾപ്പെടുത്തൽ

ആർ.പി. അവതരിപ്പിക്കുന്നു.





നിരന്തരമൂല്യനിർണയത്തിന്റെ ഭാഗമായും അല്ലാതെയും ക്ലാസിൽ തുടർപ്രവർത്തനങ്ങളായി അസൈൻമെന്റുകൾ നല്കാറുണ്ട്. എല്ലാ തുടർപ്രവർത്തനങ്ങളും മൂല്യനിർണയത്തിന് വിധേയമാക്കേണ്ടതില്ലല്ലോ. മൂല്യനിർണയത്തിന് വിധേയമാക്കുന്ന തുടർപ്രവർത്തനങ്ങളെ നമുക്ക് അസൈൻമെന്റുകളായി കണക്കാക്കാം.

റിസോഴ്സസ് ഫോൾഡറിലെ assignment1.png എന്ന ചിത്രം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നതിനുള്ള അസൈൻമെന്റ് നൽകുന്ന വിധം ആർ.പി. ഡെമോ ചെയ്യുന്നു.

- Classwork → Create → Assignment
- Title, Instructions, Points, For, Due, Topic, ... തുടങ്ങിയവ പൂരിപ്പിച്ച് ചേർക്കുക. (Session4/Description4.txt ലെ Assignment-2 നോക്കുക)
- Add → File ക്ലിക്ക് ചെയ്ത് തന്നിരിക്കുന്ന Session4 ഫോൾഡറിലുള്ള assignment1.png എന്ന ചിത്രം അപ്‌ലോഡ് ചെയ്യുക.
- Assign ക്ലിക്ക് ചെയ്യുക

ഗൂഗിൾ വർക്സ്പേസ് വഴി ഇത്തരം അസൈമെന്റുകൾ നല്കുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത്? ആർ.പി. യുടെ വിശദീകരണം.

- അസൈൻമെന്റുകൾ നല്കുമ്പോൾ ടോപിക്, കാലയളവ്, സ്കോർ എന്നിവ രേഖപ്പെടുത്തണം.
- അസൈമെന്റുകൾ ഷെഡ്യൂൾ ചെയ്യണം. (നിശ്ചിത സമയത്തേക്ക് മാത്രം പ്രത്യക്ഷമാകുന്ന വിധത്തിൽ ക്രമീകരിക്കാം)
- ഒരേ ഫയലുതന്നെ ഒന്നിലധികം കുട്ടികൾ സമർപ്പിച്ചാൽ തിരിച്ചറിയാൻ വേണ്ടി plagiarism എന്നത് എനേബിൾ ചെയ്യാം. (ഓൺലൈൻ ലേണിങ്ങിൽ ഒരു കുട്ടി തയ്യാറാക്കിയ ഫയൽ പങ്കുവെച്ച് മറ്റുള്ളവരും സമർപ്പിക്കുന്നത് സാധാരണയാണ്. മലയാളം പോലുള്ള ഭാഷകൾക്ക് ഈ സൗകര്യം ഇപ്പോൾ പൂർണമല്ല)
- ഏതെല്ലാം ക്ലാസിലേക്ക് അസൈൻമെന്റ് നൽകണം എന്നത് നിശ്ചയിക്കാം.





പഠിതാക്കൾ Session4/Description4.txt ലെ വിശദാംശങ്ങളും assignment1.png ചിത്രവും പ്രയോജനപ്പെടുത്തി തങ്ങളുടെ ക്ലാസിൽ Assignment-2 സജ്ജീകരിക്കുന്നു.

**കുട്ടികൾക്ക് മാതൃകാ ഉത്തര താൾ (Model Page) ക്രമീകരിച്ച് കൊടുക്കാം**

കുട്ടികൾക്ക് കമ്പ്യൂട്ടറിൽ/മൊബൈൽ ഫോണിൽ നേരിട്ട് ഉത്തരം ടൈപ്പ് ചെയ്ത് സമർപ്പിക്കുന്നതിന് ആവശ്യമെങ്കിൽ നിശ്ചിത മാതൃകയിൽ ഒരു ഉത്തരപേജ് തയ്യാറാക്കികൊടുക്കാവുന്നതാണ്. ആർ.പി. ഡെമോ ചെയ്യുന്നു.

- Assignment ജാലകത്തിലെ Create ക്ലിക്ക് ചെയ്ത് ഗൂഗിൾ Docs സെലക്ട് ചെയ്യുക.




- എല്ലാ കുട്ടികളുടേയും ഉത്തരം ലഭിക്കുന്നതിനായി Make a copy for each student സെലക്ട് ചെയ്യുക.






നാം തയ്യാറാക്കിയ ഓരോ അസൈമെന്റിനും നേരേയുള്ള ⋮ ബട്ടണിൽ ക്ലിക്ക് ചെയ്ത് Edit, Delete എന്നിവ സാധ്യമാണ്.

Add Classwork - Video

**കുറിപ്പുകൾ: -**

1. മൊബൈൽ ഫോണിലും മുകളിൽ പറഞ്ഞതുപോലെ തന്നെ തുടർപ്രവർത്തനങ്ങൾ / അസൈമെന്റുകൾ നല്കാം.
2. മൊബൈൽ ഫോണിൽ Stream, Classwork, People എന്നിവ താഴെയാണ് പ്രത്യക്ഷമാകുന്നത്.
3. Create എന്ന മെനുവിന് പകരം **+** ബട്ടനാണ് ഉള്ളത്.
4. ഫയൽ Add ചെയ്യുന്നതിനുള്ള സൗകര്യം മുകളിലെ ബട്ടനിലാണ് ഉള്ളത്.




**Share to multiple classes - Video**

## 4.3 - ഓൺലൈൻ ക്വിസ് തയ്യാറാക്കാം

ആ.പി. അവതരിപ്പിക്കുന്നു.


കുട്ടികൾക്ക് കൊടുക്കാവുന്ന അസൈൻമെന്റുകളിൽ പ്രധാനപ്പെട്ടവയാണ് ക്വിസ് ചോദ്യങ്ങൾ. ഇത്തരം അസൈൻമെന്റുകളുടെ മെച്ചമെന്താണ്? ചർച്ചയ്ക്കുശേഷം ചുവടെക്കാണുന്ന തരത്തിൽ ക്രോഡീകരിക്കുന്നു.

- എളുപ്പത്തിൽ പ്രതികരണങ്ങൾ നൽകാം
- പഠനവിടവ് കണ്ടെത്താൻ സാധിക്കും
- പ്രതികരണങ്ങളുടെ ക്രോഡീകരണം, വിശകലനം എന്നിവ പെട്ടെന്ന് സാധിക്കുന്നു
- ഓരോ തെറ്റുത്തരത്തിനും ഫീഡ്ബാക്കുകൾ കൂടി ചേർത്ത് പരിഹാരബോധനം ഉൾചേർക്കാൻ സാധിക്കും.
- ..............................................

ഓരോ ചോദ്യവും പൂർത്തീകരിക്കുമ്പോൾ ഉടനടി ഫീഡ്ബാക്ക് ലഭിക്കുന്നത് കൂടുതൽ പ്രയോജനപ്രദമാവില്ലേ? ഓൺലൈനായി ക്വിസുകൾ തയ്യാറാക്കാൻ സഹായിക്കുന്ന ഒരു സംവിധാനമാണ് ഗൂഗിൾ ഫോം. നാം തയ്യാറാക്കുന്ന ക്ലാസിൽ ഗൂഗിൾ ഫോം ഉപയോഗിച്ച് ഒരു ക്വിസ് എങ്ങനെ നിർമ്മിക്കാം?

Session4/Description4.txt ലെ Assignment-3 ലെ ചോദ്യങ്ങൾ ഉപയോഗിച്ച് ക്വിസ് തയ്യാറാക്കുന്ന വിധം ആർ.പി. ഡെമോ ചെയ്യുന്നു.

- ✔ Classwork → Create → Quiz assignment എന്ന രീതിയിൽ തുറക്കാം
- ✔ അനുയോജ്യമായ ഒരു ടൈറ്റിൽ നൽകുക
- ✔ പഠിതാക്കൾക്ക് പ്രത്യേകമായ നിർദേശങ്ങൾ നല്കാനുണ്ടെങ്കിൽ Instructions എന്ന ഭാഗത്തു നൽകാം
- ✔ വലതുഭാഗത്ത് Points, Due date, Topic തുടങ്ങിയവ ക്രമീകരിക്കാം
- ✔ Grade Importing ഇനേബിൾ ചെയ്താൽ സ്കോർ ക്ലാസ്റൂമിലേക്ക് ഇംപോർട്ട് ചെയ്യാൻ സാധിക്കും
- ✔ Blank Quiz ക്ലിക്ക് ചെയ്യുന്നതോടെ ചോദ്യങ്ങൾ സെറ്റ് ചെയ്യുന്നതിനുള്ള ഗൂഗിൾ ഫോം തുറക്കുന്നു





നേരത്തേ നൽകിയ ടൈറ്റിലും ഡിസ്ക്രിപ്ഷനും ഇവിടെയും നൽകുക.

പലതരത്തിലുള്ള ചോദ്യങ്ങൾ ക്വിസിൽ ഉൾപ്പെടുത്താം. അവ പ്രധാനമായും


- Short answer
- Paragraph
- Multiple choice
- Checkbox
- Drop down തുടങ്ങിയവയാണ്.

എങ്ങനെയാണ് ഗൂഗിൾ ഫോമിൽ ചോദ്യങ്ങൾ ഉൾപ്പെടുത്തുന്നത്?

- ✗ ചോദ്യം ടൈപ്പ് ചെയ്ത ശേഷം കാറ്റഗറി സെലക്ട് ചെയ്യുക (ഇവിടെ Multiple Choice)




- ✔ Required ടാബ് എനേബിൾ ചെയ്ത് ഉത്തരം നൽകാതെ അടുത്ത ചോദ്യത്തിലേക്ക് പോകാൻ അനുവദിക്കാതിരിക്കാം.
- ✔ Answer key ൽ ക്ലിക്ക് ചെയ്ത് ശരിയുത്തരവും ലഭിക്കേണ്ട പോയിന്റും ഫീഡ് ബാക്കും സെറ്റ് ചെയ്യാം.





എങ്ങനെയാണ് ഫീഡ്ബാക്ക് ഉൾപ്പെടുത്തുക?

- ✔ Add answer feedback സെലക്ട് ചെയ്യുക
- ✔ ശരിയുത്തരത്തിനും തെറ്റുത്തരത്തിനും പ്രത്യേകമായി ഫീഡ്ബാക്ക് ഉൾപ്പെടുത്താവുന്നതാണ്.
- ✔ ഇതിനു പുറമേ മുൻകൂട്ടി ഡ്രൈവിലേക്ക് ഉൾപ്പെടുത്തിയ ഫയലുകളിലേക്കോ വീഡിയോകളിലേക്കോ ലിങ്കും നൽകാവുന്നതാണ്.





- ✔ ഒരു ചിത്രത്തെയോ വിഡിയോയെയോ ആസ്പദമാക്കിയുള്ള ചോദ്യമാണെങ്കിൽ അതിന്റെ കൂടെ ചിത്രമോ വീഡിയോയോ നൽകാനും സാധിക്കും.
- ✔ Duplicate എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് ഈ ചോദ്യത്തിന്റെ ഒരു പകർപ്പെടുക്കാം.




ഫോം കൂടുതൽ ആകർഷകമാക്കുന്നതിനായി കസ്റ്റമൈസ് തീം എന്ന ഓപ്ഷൻ ഉപയോഗിക്കാം.

കസ്റ്റമൈസ് തീമിൽ,

- ഫോം കളർ മാറ്റാം





- Header ഇമേജ് ഉൾപ്പെടുത്താം
- Background കളർ നൽകാം

സെറ്റിങ്സിൽ മൂന്ന് ടാബുകളുണ്ട്.

- General
- Presentation
- Quizzes

ഈ ടാബുകളിലായി താഴെപറയുന്ന സംവിധാനങ്ങളുണ്ട്.

- ഒരു കുട്ടിക്ക് അവസരം ഒരു തവണ മാത്രമാക്കാം
- ഒന്നിലധികം ചോദ്യങ്ങൾ ഉണ്ടെങ്കിൽ answer ചെയ്യുന്ന മുറയ്ക്ക് progress അറിയിക്കാം
- ചോദ്യങ്ങളുടെ ക്രമം ഓരോ വിദ്യാർത്ഥിക്കും വ്യത്യസ്തമാക്കാം (Shuffling )
- ഉത്തരം submit ചെയ്താൽ ഒരു confirmation message നൽകാം
- പഠിതാവിന് ലഭിച്ച ഗ്രേഡ് form submit ചെയ്യുമ്പോൾ തന്നെ ലഭ്യമാക്കാം




നാം തയ്യാറാക്കിയ ചോദ്യങ്ങൾ Quiz ആക്കുന്നതിന് Quizzes ടാബിലെ Make this a Quiz എനേബിൾ ചെയ്യാൻ മറക്കരുത്.

തുടർന്ന്, പഠിതാക്കൾ Session4/Description4.txt ലെ Assignment-3 ലെ ചോദ്യങ്ങൾ ഉപയോഗിച്ച് ക്വിസ് അസൈൻമെന്റ് തയാറാക്കുന്നു.

**കുറിപ്പ് :-**

1. മൊബൈൽ ഫോണിൽ Quiz-Assignment എന്ന option ഇല്ല.

**Create Quiz - Video**

**1.30 PM -2.15 PM - ഉച്ചഭക്ഷണം**

************************

## സെഷൻ – 5: പ്രവർത്തനങ്ങൾ ചെയ്യാം, ഗ്രേഡ് നൽകാം

**(2.15 PM – 3.15 PM)**

### ഗ്രേഡിങ്

പഠിതാക്കൾ എല്ലാവരും ഒരു ക്ലാസ് നിർമ്മിച്ച് അതിൽ പ്രവർത്തനങ്ങൾ ചേർത്തുകഴിഞ്ഞു. ഇനി ഈ ക്ലാസിൽ കുട്ടികളെ ചേർത്ത് പ്രവർത്തനങ്ങൾ ചെയ്ത് ഗ്രേഡ് നൽകുന്നത് എങ്ങനെ എന്നാണ് ചർച്ചചെയ്യേണ്ടത്. (ക്ലാസ് ക്രിയേറ്റ് ചെയ്തതിനുശേഷമാണ് കുട്ടികളെ ക്ലാസിലേക്ക് ചേർക്കേണ്ടത് എന്ന ധാരണ പഠിതാക്കൾക്ക് ഇവിടെ നൽകണം. എന്നാൽ പരിശീലനത്തിലെ പ്രവർത്തനക്രമത്തിന്റെ സൗകര്യത്തിനാണ് ഇവിടെ ഈ ക്രമം അനുവർത്തിക്കുന്നത് എന്നും സൂചിപ്പിക്കാം.)

ആർ.പി. അവതരിപ്പിക്കുന്നു.

നാം ഗൂഗ്ൾ ക്ലാസ്റൂമിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് തയ്യാറാക്കിയത് ?

(ആർപി ചർച്ച)

- കുട്ടികൾ കണ്ട് മനസിലാക്കാനുള്ളവ (മെറ്റീരിയലുകൾ)
- കുട്ടികൾ ചെയ്ത സമർപ്പിക്കേണ്ട് പ്രവർത്തനങ്ങൾ (അസൈൻമെന്റുകൾ, ക്വിസ് അസൈൻമെന്റുകൾ)

ഇനി ക്ലാസിൽ നടക്കേണ്ട പ്രവർത്തനങ്ങൾ എന്തെല്ലാം ?

- നൽകിയ പ്രവർത്തനങ്ങളിലൂടെ കുട്ടികൾ കടന്നുപോകണം.
- കുട്ടികൾ സമർപ്പിക്കുന്ന പ്രവർത്തനങ്ങൾക്ക് അധ്യാപകൻ ഗ്രേഡ് നൽകണം,

ഈ പ്രവർത്തനങ്ങൾ ഇനി ചർച്ച ചെയ്യാം.


### 5.1 വിദ്യാർത്ഥികൾ ക്ലാസ് റൂമിലേക്ക്


നമ്മുടെ ക്ലാസിലേക്ക് ഇനി കുട്ടികളെ ചേർക്കേണ്ടതുണ്ട്.

നാം **ഓരോരുത്തരും തയാറാക്കിയ ക്ലാസിൽ** സ്റ്റുഡന്റ് ആയി ചേരാനുള്ളവരെ മുൻകൂട്ടി നിശ്ചയിക്കേണ്ടതുണ്ട്. ആർപിയുടെയോ സഹ ആർപി യുടേയോ ഇ-മെയിൽ ഐഡി ഇതിനായി ഉപയോഗിക്കാം. വേണമെങ്കിൽ സഹപഠിതാക്കളേയും കുട്ടികളാക്കി ചേർക്കാം.

കുട്ടികളെ ക്ലാസിലേക്ക് ചേർക്കുന്നത് ആർ.പി ഡെമോ ചെയ്യുന്നു.

- People ടാബിൽ Student എന്നതിനു നേരെ add ചെയ്യാനുള്ള ബട്ടണിൽ ക്ലിക്ക് ചെയ്യുക




- ലഭിക്കുന്ന ജാലകത്തിൽ കുട്ടികളുടെ ഐ.ഡി ചേർത്ത്, invite ക്ലിക്ക് ചെയ്യുക.

ഒരു ക്ലാസിലെ എല്ലാ കുട്ടികളേയും ഗ്രൂപ്പാക്കിയയതിനുശേഷം എല്ലാവരേയും ഒരുമിച്ചും add ചെയ്യുവുന്നതാണ്.

പഠിതാക്കാൾ നിർമ്മിച്ച ക്ലാസിൽ കുട്ടികളായി ആർപിമാരെ ചേർക്കുന്നു.

ആർപി അസൈൻമെന്റുകൾ ചെയ്ത് പഠിതാക്കൾക്ക് സമർപ്പിക്കുന്നു. (കൂടുതൽ ആർപിമാർ ഉണ്ടെങ്കിൽ പഠിതാക്കളെ ഗ്രൂപ്പുകളായി തിരിക്കാം. ഒന്നാം ആർപി സ്റ്റുഡന്റാകുന്നത് ഒന്നാം ഗ്രൂപ്പിന് എന്ന രീതിയിൽ)

സെഷനുകളിൽ പഠിതാക്കൾ നൽകുന്ന പ്രവർത്തനങ്ങൾക്ക്/ അസൈൻമെന്റുകൾക്ക് ആർപിമാർ സ്റ്റുഡന്റ് ആയി അതത് സമയത്തുതന്നെ റെസ്പോൺഡ് ചെയ്യേണ്ടതാണ്. ഒരു RP തന്നെ എല്ലാ ക്ലാസിലും ചേരണമെന്നില്ല.

**കുറിപ്പ് :**

ഗൂഗിൾ ക്ലാസ് റുമിലേക്ക് 3 രീതിയിൽ കുട്ടികളെ ചേർക്കാം

1. കുട്ടികളുടെ ഐഡി Add ചെയ്ത്
2. ക്ലാസിന്റെ കോഡ് (Class ID Code) കുട്ടികൾക്ക് നൽകി. അപൂർവം സന്ദർഭങ്ങളിൽ ഈ രീതി അവലംബിക്കേണ്ടി വരും.
3. ക്ലാസിന്റെ ലിങ്ക് കുട്ടികൾക്ക് നൽകി

ഇവിടെ ഒന്നാമത്തെ രീതിയിൽ കുട്ടികളെ ചേർക്കുന്നത് മാത്രം അവതരിപ്പിച്ചാൽ മതിയാകും. മറ്റുരീതിയിൽ കുട്ടികളെ ചേർക്കുന്നത് ക്ലാസിന്റെ സുരക്ഷിതത്വത്തെ ബാധിക്കുമെന്ന ധാരണ പഠിതാക്കൾക്ക് നൽകേണ്ടതാണ്.

## 5.2 ക്ലാസ്റും കുട്ടികളുടെ വീക്ഷണത്തിൽ


ഇതുവരേയും ഒരു അധ്യാപകന്റെ കാഴ്ചയിൽ ആണ് നാം ക്ലാസ് കൈകാര്യം ചെയ്തിരുന്നത്. ഒരേ ക്ലാസിനെതന്നെ അധ്യാപകനും കുട്ടിയും കാണുന്നത് രണ്ട് തരത്തിലാകുമല്ലോ. കുട്ടി എങ്ങനെയാണ് ക്ലാസ് കാണുകയെന്നും അവരെങ്ങനെയാണ് പ്രവർത്തനങ്ങൾ ചെയ്യുകയെന്നും നമുക്ക് പരിശോധിക്കാം. എന്ന് ആർപി പറയുന്നു.

- ആർ.പി.യുടെ മൊബൈൽഫോൺ സ്ക്രീൻകാസ്റ്റ് ചെയ്ത് പഠിതാക്കൾ നിർമ്മിച്ച ക്ലാസിൽ ഒരു കുട്ടി ചേരുന്ന വിധവും ഒരു പഠിതാവിന്റെ ക്ലാസ് അറ്റന്റ് ചെയ്യുന്നതും ഡെമോ ചെയ്യുന്നു. പരിശീലകൻ/സഹപരിശീലകൻ സ്റ്റുഡന്റ് ആയാണ് പ്രദർശിപ്പിക്കേണ്ടത്. (Mobile view-ഡെമോ)
- Classwork എന്ന ടാബിൽ കുട്ടികൾക്കായി ക്ലാസ് റൂമിൽ പോസ്റ്റ് ചെയ്ത പഠനവിഭവങ്ങളും അസൈൻമെന്റുകളും പ്രദർശിപ്പിക്കുന്നു.

RP കുട്ടികൾക്കായി നൽകിയ മെറ്റീരിയൽ, ഏതെങ്കിലും ഒരു പഠിതാവിന്റെ ക്ലാസിൽ ജോയിൻ ചെയ്ത് അസൈൻമെന്റ്, ക്വിസ് എന്നിവ തന്നിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി റെസ്പോൺഡ് ചെയ്യുന്നവിധം ഡെമോയിലൂടെ അവതരിപ്പിക്കുന്നു.


### a) Material വിഭാഗത്തിൽ കുട്ടികൾക്കായി ഒരുക്കിയ പഠനവിഭവങ്ങൾ കാണുന്ന വിധം

മൂന്ന് പ്രവർത്തനങ്ങളാണ് ഈ വിഭാഗത്തിൽ ചേർത്തിട്ടുള്ളത്. അവ തുറന്ന് കാണുന്നത് ഡെമോ ചെയ്യുന്നു. ആദ്യ രണ്ട് പ്രവർത്തനങ്ങളും കുട്ടികൾ കാണുക മാത്രം ചെയ്യേണ്ടതാണ്. എന്നാൽ മൂന്നാമത്തേത് കണ്ട വീഡിയോകളും ടെക്സ്റ്റ് ബുക്കും ഉപയോഗപ്പെടുത്തി തയ്യാറാക്കേണ്ട കുറിപ്പാണ്.












### b) Question വിഭാഗത്തിൽ കുട്ടികൾക്കായി നൽകിയ അസൈൻമെന്റ് ചെയ്യുന്ന വിധം

എലിപ്പനി-മുൻകരുതലുകൾ എന്നതാണ് നാലാമതായി നൽകിയിട്ടുള്ളത്.

- Question വിഭാഗത്തിൽ ഉൾപ്പെടുത്തിയവയ്ക്ക് ഉത്തരം ടൈപ്പ് ചെയ്ത് ചേർക്കാനേ കഴിയൂ.
- ഉത്തരം ടൈപ്പ് ചെയ്ത ശേഷം Turn in ചെയ്യുന്നു.

Attend question - Video




### c) Quiz Assignment ചെയ്യുന്ന വിധം

അധ്യാപകൻ ഗൂഗ്ൾ ഫോം ഉപയോഗിച്ച് *അകറ്റി നിർത്താം രോഗങ്ങളെ* എന്ന ക്വിസ് തയ്യാറാക്കിയിട്ടുണ്ട്. കുട്ടി ഇത് അറ്റന്റ് ചെയ്യുന്നതിനായി,

- *അകറ്റി നിർത്താം രോഗങ്ങളെ* എന്ന ക്വിസ് തുറക്കുന്നു
- ശരിയായ ഉത്തരങ്ങൾ ക്ലിക്ക് ചെയ്യുന്നു
- Submit ചെയ്യുന്നു.

തുടർന്ന് മറ്റ് അസൈൻമെന്റുകൾ ചെയ്യാം. Turned in / Handed In ചെയ്യുന്നു.

**Attend quiz - Video**

### കുറിപ്പ്

മേൽപറഞ്ഞവ സ്ക്രീനിൽ പ്രദർശിപ്പിക്കണം. (Submit/Unsubmit എന്നിവ വിശദമാക്കണം.) ചുവടെ നൽകിയ ചിത്രങ്ങൾ കാണുക. (Mobile View)


### d) Assignment വിഭാഗത്തിൽ ഉൾപ്പെടുത്തിയവ ചെയ്യുന്ന വിധം

*എലിപ്പനി- കുറിപ്പ് തയ്യാറാക്കുക* എന്ന ഒരു അസൈൻമെന്റ് നാം നേരത്തെ തയ്യാറാക്കിയിട്ടുണ്ട്. കുട്ടികൾ അവരുടെ ക്ലാസ്റൂം തുറന്നാൽ ഈ പ്രവർത്തനം കാണേണ്ടതാണ്.


കുട്ടി ഇത് ചെയ്യുന്നതിനായി,


- അസൈൻമെന്റ് തുറന്ന് പ്രവർത്തനം നോക്കുക. കുറിപ്പ് തയ്യാറാക്കുന്നത് മൊബൈൽഫോണിലോ നോട്ടുപുസ്തകത്തിലോ ആകാം. നോട്ടുപുസ്തകത്തിൽ ചെയ്ത് അതിന്റെ ഫോട്ടോ അപ്‌ലോഡ് ചെയ്യുന്നതാണ് താഴെ വിശദീകരിക്കുന്നത്.
- + Add work ക്ലിക്ക് ചെയ്യുക.










- Camera ഉപയോഗിച്ച് തയ്യാറാക്കിയ നോട്ടുപുസ്തകത്തിൽ എഴുതിയ കുറിപ്പിന്റെ ഫോട്ടോ എടുക്കുന്നു.
- ഈ ഫോട്ടോ Turn in/Hand in നൽകി സമർപ്പിക്കാവുന്നതാണ്. ആവശ്യമെങ്കിൽ കൂടുതൽ ഉത്തരങ്ങൾ ഇതേ രിതിയിൽ വീണ്ടും അപ്‌ലോഡ് ചെയ്യാം.
- അസൈൻമെന്റിനു താഴെ യുള്ള X ചിഹ്നത്തിൽ ക്ലിക്ക് ചെയ്ത് സമർപ്പിച്ച ഉത്തരം delete ചെയ്യാം.
- വീണ്ടും Scan ചെയ്ത മറ്റൊരു ഉത്തരം ചേർക്കാം. അതിനു ശേഷം Turn in ചെയ്യുന്നു.






ഉത്തരം മാറിപ്പോയെന്ന് തോന്നിയാൽ സമർപ്പിച്ച ഉത്തരങ്ങൾ Unsubmit ചെയ്യുന്നതിനും കഴിയും. തുടർന്ന് വീണ്ടും ശരിയായ ഉത്തരം നൽകുകയും ചെയ്യാം. (മുകളിലെ മൂന്നാമത്തെ ചിത്രം നോക്കുക).

- തുടർന്ന് RP മാർ മറ്റുള്ളവരുടെ അസൈൻമെന്റും പൂർത്തിയാക്കി submit ചെയ്യുന്നു. (ഇവ സ്ക്രീനിൽ പ്രദർശിപ്പിക്കേണ്ടതില്ല)
- കുട്ടികളായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ, പഠിതാക്കൾക്കും പരസ്പരം ചെയ്യാവുന്നതാണ്.

**കുറിപ്പ്**

ഫോണിൽ Language English (United States) ആണെങ്കിൽ അസൈൻമെന്റുകൾ സമർപ്പിക്കുന്നതിന് Turned in എന്നും, English (UK) ആണെങ്കിൽ Hand in എന്നുമാണ് ദൃശ്യമാകുന്നത്.

Attend assignment - Video

## 5.3 - കുട്ടികൾ സമർപ്പിച്ച അസൈൻമെന്റുകൾ ഗ്രേഡ് ചെയ്യൽ

കുട്ടികൾ സമർപ്പിക്കുന്ന അസൈൻമെന്റുകൾ നിർമിക്കുകയും അത് കുട്ടികളെകൊണ്ട് ചെയ്തെടുക്കുകയും മാത്രമായാൽ മതിയാകില്ല. അവയ്ക്ക് നിശ്ചിതമായ സ്കോറിങ് കീ ഉപയോഗിച്ച് സ്കോർ നല്കുകയും വേണം.

- ഓരോ അധ്യാപകനും അവർ തയ്യാറാക്കി കുട്ടികളെകൊണ്ട് ചെയ്യിച്ചെടുത്ത അസൈൻമെന്റുകൾക്ക് ഗ്രേഡ് നൽകുന്നു. Question, Assignment, Quiz Assignment എന്നിവക്കാണ് ഗ്രേഡ് നൽകാൻ കഴിയുക.


തുടർന്ന് ആർ.പി. Question, Assignment, Quiz Assignment എന്നിവ ഗ്രേഡ് നൽകുന്നത് ഡെമോ ചെയ്യുന്നു.

ഇതിനായി കഴിഞ്ഞ ദിവസം പഠിതാക്കൾക്കായി നിർമ്മിച്ച Sample Class എന്ന ക്ലാസ് റും തുറന്ന് പഠിതാക്കൾ സമർപ്പിച്ച അസൈൻമെന്റുകൾ ഉപയോഗിക്കാവുന്നതാണ്.

പഠിതാക്കൾ കുട്ടികളായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവർ നിർമ്മിച്ച ക്ലാസുകൾ ഡെമോ ചെയ്യുന്നതിനായി ഉൾപ്പെടുത്താവുന്നതാണ്.

### a) Questions ന് ഗ്രേഡ് നൽകാം


നാം നിർമ്മിച്ച പ്രവർത്തനങ്ങളിൽ നാലാമതായി നൽകിയ 4.1.4.എലിപ്പനി-മുൻകരുതലുകൾ എന്ന അസൈൻമെന്റിന് ഗ്രേഡ് നൽകുന്നതെങ്ങനെയെന്ന് ഡെമോ ചെയ്യുന്നു.




- Classwork ടാബിലെ Questions വിഭാഗത്തിലെ 4.1.4.എലിപ്പനി-മുൻകരുതലുകൾ ക്ലിക്ക് ചെയ്യുക.
- Turned in എന്നതിൽ ക്ലിക്ക് ചെയ്യുക.




- ഇടത് ഭാഗത്തെ കുട്ടികളുടെ ലിസ്റ്റിൽ നിന്ന് Turned in വിഭാഗത്തിന് താഴെയുള്ള ഒരു കുട്ടിയുടെ ഉത്തരം നിരീക്ഷിച്ച് മാർക്ക് നൽകി തൊട്ട്കാണുന്ന മൂന്ന് കുത്തിൽ ⋮ ക്ലിക്ക് ചെയ്ത് Return ക്ലിക്ക് ചെയ്യുക.




- ഇനി, അസൈൻമെന്റ് ചെയ്ത കുട്ടികൾക്ക് ഫീഡ്ബാക്ക് നല്കണം. അതിനായി, തുടർന്ന് വരുന്ന ജാലകത്തിൽ Private comment എന്ന ബോക്സിൽ അനുയോജ്യമായ പ്രതികരണം ടൈപ്പ് ചെയ്യുക. Return ബട്ടൻ ക്ലിക്ക് ചെയ്യുക.
- കുട്ടികൾ നൽകിയ അസൈൻമെന്റ് ചിത്രം/പിഡിഎഫ് ആണെങ്കിൽ അവയ്ക്ക് മുകളിൽ മൗസ് എത്തിച്ചാൽ മൗസ് പ്ലസ് അടയാളത്തിലാവുകയും, പ്രസ്തുത സമയത്ത് ചിത്രത്തിൽ ക്ലിക്ക് ചെയ്ത് ഡ്രാഗ് ചെയ്താൽ കമന്റ് രേഖപ്പെടുത്താനുള്ള ബോക്സ് ലഭിക്കുന്നതാണ്. ഇവിടെയും പ്രതികരണം രേഖപ്പെടുത്താവുന്നതാണ്.

### b) Assignment ന് ഗ്രേഡ് നൽകാം

പ്രവർത്തനങ്ങളിൽ അഞ്ചാമതായി നൽകിയ Assignment-1 ന് ഗ്രേഡ് നൽകുന്നതെങ്ങനെയെന്ന് ആർ.പി. ഡെമോ ചെയ്യുന്നു.

Classwork ടാബിലെ Assignment വിഭാഗത്തിലെ *4.1.5. എലിപ്പനി കുറിപ്പ് തയ്യാറാക്കുക* Assignment 1 ൽ ക്ലിക്ക് ചെയ്യുക.

- Turned in എന്നതിൽ ക്ലിക്ക് ചെയ്യുക.
- ലിസ്റ്റിൽ നിന്ന് ഒരു കുട്ടിയെ സെലക്ട് ചെയ്യുക.
- കുട്ടിയുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വലത് ഭാഗത്ത് കാണുന്ന ഗ്രേഡ് ബോക്സിൽ മാർക്ക് നൽകുക.
- താഴെ Add private comment എന്ന ബോക്സിൽ അനുയോജ്യമായ കമന്റ് നൽകുക. Post ബട്ടൻ ക്ലിക്ക് ചെയ്യുക.
- മുകളിൽ വലത് ഭാഗത്ത് കാണുന്ന Return ബട്ടൻ ക്ലിക്ക് ചെയ്യുക.




പഠിതാക്കൾ ആർ.പി. ചെയ്ത Assignment-1 സ്കോർ നൽകി പ്രതികരണം രേഖപ്പെടുത്തുന്നു.


**<u>കുറിപ്പ്:</u>**

ലാപ്ടോപിൽ ചിത്രം, പിഡിഎഫ് എന്നിവയുടെ മുകളിൽ മൗസ് എത്തിച്ച് ഡ്രാഗ് ചെയ്താൽ അവയിൽ കമന്റ് ചെയ്യാനുള്ള ടെക്സ്റ്റ് ബോക്സ് ലഭിക്കും.

### c) Quiz Assignment സ്കോർ ക്രോഡീകരണം


ക്വിസുകളും മറ്റ് മൂല്യനിർണയ പ്രവർത്തനങ്ങളും ചെയ്തുകഴിഞ്ഞാൽ അവയുടെ ഫലം ക്രോഡീകരിക്കേണ്ടതുണ്ട്. ഒരു ക്വിസ് നടത്തിയതിന്റെ സ്കോർ ക്രോഡീകരിക്കുന്നത് അത്യാവശ്യമാണ്.


Quiz Assignment തയാറാക്കുമ്പോൾതന്നെ ഗ്രേഡുകൾ ഇംപോർട്ട് ചെയ്യാനുള്ള സംവിധാനം Enable ചെയ്തിട്ടുണ്ടെങ്കിൽ ക്വിസ് സ്കോറുകൾ ഇംപോർട്ട് ചെയ്യാൻ സാധിക്കും.





പ്രവർത്തനങ്ങളിൽ ആറാമതായി നൽകിയ *4.1.6.അകറ്റി നിർത്താം രോഗങ്ങളെ* Quiz Assignment 1 ന്റെ സ്കോറുകൾ ഇംപോർട്ട് ചെയ്യുന്നത് എങ്ങനെയെന്ന് ആർപി ഡെമോ ചെയ്യുന്നു.

- Classwork ടാബിലെ Assignment വിഭാഗത്തിലെ 4.1.6.അകറ്റി നിർത്താം രോഗങ്ങളെ Quiz Assignment 1 ൽ ക്ലിക്ക് ചെയ്യുക.
- Turned in എന്നതിൽ ക്ലിക്ക് ചെയ്യുക.
- Import Grades എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.




- തുടർന്ന് വരുന്ന ജാലകത്തിൽ Import ക്ലിക്ക് ചെയ്യുക.
- കുട്ടിയുടെ പേരിന് നേരെ സ്കോറുകൾ വന്നതായികാണാം. തുടർന്ന് Return എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.




ആർ.പി. ചെയ്ത Quiz Assignment 1 ന്റെ സ്കോർ പഠിതാവ് ഇംപോർട്ട് ചെയ്ത്, സ്കോർ Return ചെയ്യുന്നു.

* * * * * * * * *

## സെഷൻ – 6: ഗൂഗ്ൾ ക്ലാസ്റൂം - മറ്റ് സംവിധാനങ്ങൾ


**(3.15 PM -4.00 PM)**

ഗൂഗ്ൾ ക്ലാസ്റൂമിൽ ക്ലാസുകൾ നിർമിക്കലും പ്രവർത്തനങ്ങളും അസൈൻമെന്റുകളും ഉൾപ്പെടുത്തലുമല്ലാതെ മറ്റു പല സങ്കേതങ്ങളുമുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ഈ സെഷനിൽ പരിചയപ്പെടാം.


### 6.1 To Review ലിസ്റ്റിൽ നിന്ന് പ്രവർത്തനങ്ങൾ റിവ്യൂ ചെയ്യാം.

Dashboard ൽ അധ്യാപകർക്ക് ലഭ്യമാകുന്ന ഒരു സംവിധാനമാണ് To Review. ഈ സങ്കേതം ആർപി ഡെമോ ചെയ്യുന്നു.


- To review ക്ലിക്ക് ചെയ്യുന്നു.




- ലഭിക്കുന്ന ജാലകത്തിൽ Review ചെയ്യേണ്ട ക്ലാസ് തിരഞ്ഞെടുത്താൽ. ഈ ക്ലാസിലെ എല്ലാ അസൈൻമെന്റുകളുടെ തൽസ്ഥിതി ലഭ്യമാകും




- ഇവിടെ നിന്നും Turned in ചെയ്ത പ്രവർത്തനങ്ങൾ ഗ്രേഡ് ചെയ്യാവുന്നതാണ്.
- കുട്ടികളുടെ view ൽ ഇത് To Do എന്നാണ് കാണുന്നത്. കുട്ടികൾ ചെയ്യേണ്ട് പ്രവത്തനമാണ് ഈ ലിസ്റ്റിൽ ലഭ്യമാകുന്നത്. ഇവിടെ പഠിതാക്കൾ അധ്യാപകനും കുട്ടിയും ആയതുകൊണ്ട് രണ്ടു ഓപ്ഷനും ലഭ്യമാകും.






പഠിതാക്കൾക്ക് To review, To-do എന്നിവ പരിശോധിക്കാൻ അവസരം നൽകുന്നു.

## 6.2 Co Teacher ആയി സഹ-അധ്യാപകരെ ചേർക്കാം

People മെനുവിൽ നിന്ന് സഹ-അധ്യാപകരെ ചേർക്കേണ്ട സന്ദർഭം, ചേർക്കുന്ന വിധം RP വിശദീകരിക്കുന്നു - ഡെമോ

- പഠിതാക്കൾ ഒരു ടീച്ചറെ (Eg:സ്ഥാപന മേധാവി/സഹപഠിതാവ്) ക്ലാസിലെ കോ-ടീച്ചറായി ചേർക്കുന്നു
- ഇതിനായി People → Invite teachers ക്ലിക്ക് ചെയ്യുന്നു.
- ടീച്ചറുടെ ID നൽകി Invite ചെയ്യുന്നു.





## 6.3 Teacher Transfer

ടീച്ചർ ഒരു സ്കൂളിൽനിന്ന് ട്രാൻസ്ഫർ ആയാൽ ചെയ്യേണ്ട കാര്യങ്ങൾ വിശദമാക്കുന്നു. RP ഡെമോ


- ഒരു സ്കൂളിൽ നിന്ന് ടീച്ചർ ട്രാൻസ്ഫർ ആയാൽ പുതിയ ടീച്ചറെയോ പ്രസ്തുത ക്ലാസ് ചാർജ് നൽകുന്ന ടീച്ചറെയോ ആ ക്ലാസിലെ സഹ അധ്യാപികയായി ചേർക്കുക. (People Tab)
- ശേഷം സഹ അധ്യാപികയെ ക്ലാസിന്റെ Class owner ആക്കുക. (People Tab)
- ഇതോടെ കോ- ടീച്ചറുടെ മെയിലിൽ Ownership മാറുന്നതിനുള്ള ഒരു ഇൻവിറ്റേഷൻ ലിങ്ക് വരുന്നു.





(മെയിൽ വരുന്നില്ലെങ്കിൽ ടീച്ചറുടെ Main Menu-> Settings ൽ ഏറ്റവും അവസാനമുള്ള Class Notification ഓപ്ഷൻ ഇനേബിൾ ചെയ്യണം.)


- ഈ ലിങ്കിൽ Respond ക്ലിക്ക് ചെയ്യുക. (ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ error വരുന്നുണ്ടെങ്കിൽ ബ്രൗസറിൽ Sign out from all account നൽകിയതിന് ശേഷം Respond ക്ലിക്ക് ചെയ്യുക.)

- തുടർന്നുള്ള വിൻഡോയിൽ Accept നൽകുക.




- ഇതോടെ കോ-ടീച്ചർ ആ ക്ലാസിന്റെ Owner ആകുന്നു. (Ownership മാറുന്നില്ലെങ്കിൽ Reload ചെയ്യണം- People Tab)




- തുടർന്ന് ക്ലാസിൽനിന്ന് പഴയ അധ്യാപികയെ ഒഴിവാക്കുകയോ പഴയ അധ്യാപിക Leave ആവുകയോ ചെയ്യുക. (People Tab)
- Teacher ടാബിൽ Class owner ആണ് ആദ്യം ലിസ്റ്റ് ചെയ്യുക.

പഠിതാക്കൾ മറ്റൊരു ടീച്ചറെ സഹ-അധ്യാപികയാക്കി മാറ്റിയതിന് ശേഷം ക്ലാസ് ഓണർഷിപ്പ് മാറ്റി നോക്കട്ടെ.

### 6.4 Reuse Post

Reuse post ചെയ്യുന്നത് ഡെമോ ചെയ്യുന്നു.

- Classwork → Create → Reuse post
- ലഭിക്കുന്ന ജാലകത്തിൽ ക്ലാസ്, റീ യൂസ് ചെയ്യേണ്ട പോസ്റ്റ് ഇവ സെലക്ട് ചെയ്യുക
- Reuse ക്ലിക്ക് ചെയ്യുക
- Reuse എന്ന സംവിധനത്തിലൂടെ അധ്യാപകനായും സഹഅധ്യാപകനായും ഉള്ള എല്ലാ ക്ലാസകളിലേയും പോസറ്റുകൾ പുനരുപയോഗിക്കാവുന്നതാണ്.

### 6.5 Class Drive folder




- ക്ലാസ് ഡ്രൈവിന്റെ ആവശ്യകതയും, പ്രയോജനവും വിശദീകരിക്കുന്നു.

- ഒരു ക്ലാസ് നിർമ്മിച്ചാലും കോപ്പിചെയ്താലും അധ്യാപകന്റെ Drive ൽ ക്ലാസിന്റെ പേരിൽ പേരിൽ ഒരു ഫോൾഡർ നിർമ്മിക്കപ്പെടും. ക്ലാസ് Delete ചെയ്താലും പ്രസ്തുത ഫോൾഡർ ഡിലീറ്റു ചെയ്താൽ മാത്രമേ എല്ലാ വിഭവങ്ങളും Drive നിന്ന് നീക്കം ചെയ്യാൻ സാധിക്കൂ.

### 6.6 Export Grade

കുട്ടികൾക്ക് ലഭിച്ച ഗ്രേഡുകൾ എക്സ്പോർട്ട് ചെയ്തെടുക്കുന്ന വിധം അവതരിപ്പിക്കുന്നു.


- Grade മെനു തുറക്കുക
- വിദ്യാർഥികൾക്ക് നൽകിയ ഏതെങ്കിലും ഒരു അസൈൻമെന്റ് ജാലകം തുറക്കുക.(student work വിൻഡോ)
- സെറ്റിങ് ജാലകത്തിലെ Download all Grades as csv ഉപയോഗിച്ച് ഗ്രേഡ് ഡൗൺലോഡ് ചെയ്യുക.
- ഫയൽ, കാൽക്കിൽ തുറന്ന് ആവശ്യമായി രീതിയിൽ ഫോർമാറ്റ് ചെയ്യുക.

Export Grade - Video

### 6.7 Copy Class


ക്ലാസ് കോപ്പി ചെയ്യുന്ന വിധം അവതരിപ്പിക്കുന്നു.

- ക്ലാസിലെ റിസോഴ്സുകളടക്കം കോപ്പി ചെയ്യുന്നതിനായി Copy എന്ന ഓപ്ഷൻ ഉപയോഗിക്കാം.
- കോപ്പി ചെയ്ത ക്ലാസുകിൽ Co-Teacher owner ആയി മാറുന്നു. കുട്ടികൾ കോപ്പി ആകുന്നില്ല.




### 6.8 Archive Class, Restore Class

പ്രവർത്തനം പൂർത്തിയാക്കിയ ക്ലാസുകൾ ആർക്കൈവ് ചെയ്യുന്ന വിധം പരിചയപ്പെടുന്നു. RP ഡെമോ






ആർക്കൈവ് ചെയ്യ്ത ക്ലാസുകൾ Restore ചെയ്യുന്നത് RP ഡെമോ ചെയ്യുന്നു.

- Main Menu ക്ലിക്ക് ചെയ്യുക




- Archived classes ക്ലിക്ക് ചെയ്ത് ലഭിക്കുന്ന ലിസ്റ്റിൽനിന്ന് ക്ലാസ് Restore ചെയ്യുക.




തുടർന്ന് പഠിതാക്കൾ പരിശീലനത്തിനായി നിർമ്മിച്ച ക്ലാസ് Archive ചെയ്യാൻ ആർ.പി. ആവശ്യപ്പെടുന്നു.

ശേഷം എല്ലാവരും സ്വന്തം വിഷയത്തിന്റെ ഒരു ക്ലാസ് നിർമ്മിച്ച്, ഒരു Topic ഉണ്ടാക്കാൻ RP ആവശ്യപ്പെടുന്നു

പഠിതാക്കൾ സ്വന്തം വിഷയത്തിൽ ഒരു ക്ലാസ് നിർമ്മിച്ച് അതിൽ ഒരു ടോപിക് നിർമ്മിക്കുന്നു.

**Student Login- Video**

## സെഷൻ – 7: പ്ലാനിങ്

**(4.00 PM -4.20 PM)**

ഒരു ഓൺലൈൻ ക്ലാസ് നിർമിക്കുന്നത് നാം പരിചയിച്ചുകഴിഞ്ഞു. ഇനി സ്കൂളിൽ നടക്കേണ്ട തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

- സ്കൂളിൽ പൊതുവായി നടത്തേണ്ട പ്രവർത്തനങ്ങൾ (ക്ലാസ് പ്രവർത്തനങ്ങളുടെ നമ്പറിങ് സ്കീമാ, സിഗ്നേചർ ബാനർ (ഉണ്ടെങ്കിൽ) തുടങ്ങിയവ പ്രഥമ അധ്യാപികയുടെ നേതൃത്വത്തിൽ പൊതുവായി ക്രമീകരിക്കേണ്ടതുണ്ട്.) സ്കൂളിൽ, എല്ലാ അധ്യാപകരും ചേർന്നുള്ള ഒരു ദിവസത്തെ കൂടിയിരിപ്പ് - ഇതിൽ ഈ പ്രവർത്തനങ്ങൾ ചെയ്യാൻ സാങ്കേതിക ധാരണയുള്ളവർ തയ്യാറാകണം. സ്കൂളിലെ കുട്ടികൾക്ക് വിവിധ വിഷയങ്ങളുടെ ക്ലാസുകളുണ്ടാകും. ഓരോ വിഷയവും പെട്ടെന്ന് തിരിച്ചറിയാനാകുന്ന തരത്തിൽ വ്യത്യസ്ത നിറങ്ങൾ ബാനറുകളിൽ നൽകുന്നത് കുട്ടികൾക്ക് സഹായകരമാണ്. ക്ലാസുകൾ തയ്യാറാക്കുന്നതിന് ഒരു പൊതുരീതി അവലംബിക്കണം. (Class name, Section, Subject എന്നിവ ചേർക്കുന്നതിൽ).
- ഏതെല്ലാം ക്ലാസുകൾ/ആരെല്ലാം തയ്യാറാക്കുന്നു/ആരെല്ലാമാണ് ക്ലാസുകൾ പങ്കുവെക്കുന്നത് എന്ന പട്ടിക തയ്യാറാക്കണം. ആദ്യ ക്ലാസ് - Ice breaking ആക്ടിവിറ്റിയോടെ ആകണം.
- പിന്തുണയും സാങ്കേതികസഹായവും ആവശ്യമുള്ളവർക്ക് സ്കൂൾതലത്തിൽ ശില്പശാല സംഘടിപ്പിക്കാം. എല്ലാവരും പൊതുധാരയിൽ എത്തുന്നതുവരെ പിന്തുണ ആവശ്യമാകാം. അതിനായി ഒരു സംഘം രൂപീകരിക്കണം.
- അധ്യാപകർ ചെയ്യേണ്ട പ്രവർത്തനങ്ങൾ ഒരുമിച്ചിരുന്നോ അല്ലാതെയോ തയ്യാറാക്കാം.
- എല്ലാ വിദ്യാർഥികൾക്കും മൊബൈൽഫോണും കണക്റ്റിവിറ്റിയും ലഭ്യമായ ഡിവിഷനിൽ കുട്ടികളെ ചേർത്ത് ക്ലാസ് ഉടനെ ആരംഭിക്കണം- തിയതി ബന്ധപ്പെട്ട കൈറ്റ് പരിശീലകനെ അറിയിക്കണം.
- ആദ്യ ക്ലാസ് ആരംഭിക്കുന്നതിന് മുമ്പായി ഗൂഗ്ൾ മീറ്റ് വഴി കുട്ടികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണം.
- ഒരു വിഷയം മാത്രമേ കുട്ടികൾക്ക് ആദ്യം നൽകാവൂ. ഈ ക്ലാസിൽ എല്ലാവരും പ്രവേശിച്ച് പ്രവർത്തനങ്ങൾ ചെയ്തതിനുശേഷമേ മറ്റു ക്ലാസുകൾ ഓരോന്നായി നൽകാവൂ.
- ആദ്യ ക്ലാസിൽ ആ ഡിവിഷനിലെ മുഴുവൻ അധ്യാപകരേയും Co-teachers ഉൾപ്പെടുത്താവുന്നതാണ്. (പിന്നീട് അധ്യാപകർക്ക് ലെഫ്റ്റ് ആവാം.)
- മറ്റു ക്ലാസുകളിൽ ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ക്ലാസ് ആരംഭിക്കണം. പ്രവർത്തനങ്ങളുടെ മോണിട്ടറിങ് സാധ്യമാക്കണം. പ്ലാനിങ്, നിർവഹണം എന്നിവയിൽ പി.ടി.എ. യുടെ പിന്തുണ ഉറപ്പാക്കണം.
- അധ്യാപകർ തയാറാക്കിയ ഏതെങ്കിലും ഒരു ക്ലാസിന്റെ ബാനറും, ക്ലാസ് വർക്ക് ഏരിയയും വെവ്വേറെ സ്ക്രീൻഷോട്ടെടുത്ത് കൈറ്റ് പരിശീലകന് അയക്കണം.

**സമയം : 4.20 മുതൽ 4.30 വരെ - ഫീഡ് ബാക്ക്, കോഴ്സ് സമാപനം**

**അനുബന്ധം 1 - വിഡിയോ റിസോഴ്സ് ലിങ്ക്**

**ചുവടെ നൽകിയ ലിങ്കിൽ ക്ലിക്ക് ചെയ്യുക.**

1) **ക്ലാസ് നിർമ്മിക്കുന്നവിധം: https://www.youtube.com/watch?v=30SybdQP-zk**

2) **ക്ലാസ്‌വർക്ക് തയാറാക്കുന്നവിധം:**

**https://www.youtube.com/watch?v=yZBUdMygNRo**

3) **ക്വിസ് തയാറാക്കുന്നവിധം:** https://www.youtube.com/watch?v=4hZfhoCRgPQ

4) **സ്റ്റുഡന്റ് ലോഗിൻ (മൊബൈൽ):** https://www.youtube.com/watch?v=1Hl3BQF1C24

5) **ലോഗിൻ പെർമിഷൻ (മൊബൈൽ):**

**https://www.youtube.com/watch?v=eQebfBrI4rc**

6) **അസൈൻമെന്റ് സമർപ്പിക്കുന്ന വിധം (മൊബൈൽ):**

https://www.youtube.com/watch?v=KSbfwqFKys4

7) **ക്ലാസ്‌വർക്ക് വിവിധ ക്ലാസുകളിലേക്ക് ഒന്നിച്ച് ഷെയർ ചെയ്യുന്ന വിധം (മൊബൈൽ):**

https://www.youtube.com/watch?v=I4UEwDbAqKA

8) **ചോദ്യത്തിന് answer ചെയ്യുന്ന വിധം (മൊബൈൽ):**

**https://www.youtube.com/watch?v=kk5CwhZuLzI**

9) **ക്വിസ് അറ്റന്റ് ചെയ്യുന്ന വിധം (മൊബൈൽ):**

**https://www.youtube.com/watch?v=6vUeQnmmI_0**

10) **ഗ്രേഡ് ഡൗൺലോഡ് ചെയ്യുന്ന വിധം :**

**https://www.youtube.com/watch?v=Z8WsfHDoGGA**

**വീഡിയോ ഒന്നിച്ച് കാണാൻ :** https://www.youtube.com/playlist?list=PLFMb-2_G0bMbQg8ekyahRcrwkRAiBWAaQ

Printed & Published by,

*Kerala Infrastructure & Technology for Education(KITE), Thiruvananthapuram*

അനുബന്ധം – 2

Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2021/1700 (1) തീയതി: 07.07.2021

## സർക്കുലർ

വിഷയം: – കൈറ്റ് – പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്കൂളുകളിൽ ഓൺലൈൻ പഠനത്തിനായി ജി-സ്യൂട്ട് (ഗൂഗിൾ വർക്ക്സ്പേസ് ഫോർ എഡ്യൂക്കേഷൻ) പ്ലാറ്റ് ഫോം ഒരുക്കുന്നത് സംബന്ധിച്ച്.

സൂചന:-
1. ബഹു.പൊതുവിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 25.05.2021 ന് നടന്ന യോഗത്തിന്റെ മിനിറ്റ്സ്.
2. 28.05.2021 ന് നടന്ന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഐ.ടി സാങ്കേതിക സമിതി യോഗത്തിന്റ മിനിറ്റ്സ്.
3. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 09.06.2021 ന് നടന്ന യോഗത്തിന്റെ മിനിറ്റ്സ്.
4. കൈറ്റ് ഡയറക്ടർ ബോർഡിന്റെ 10.06.2021 ലെ യോഗത്തിന്റെ മിനിറ്റ്സ്.
5. പൊതുവിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 17.06.2021 ന് ചേർന്ന യോഗത്തിന്റെ മിനിറ്റ്സ്.
6. ഗൂഗിൾ ഇന്ത്യാ ലിമിറ്റഡും കൈറ്റും 30.06.2021 ന് ഒപ്പുവച്ച ധാരണാപത്രം

സൂചന 1 യോഗത്തിൽ ഓൺലൈൻ ക്ലാസുകൾ നടത്തുന്നതിനുള്ള പൊതു പ്ലാറ്റ്ഫോം തയാറാക്കാൻ കൈറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. ഈ ആവശ്യത്തിലേക്കായി ഗൂഗിൾ നൽകുന്ന സേവനത്തിന്റെ വിശദാംശങ്ങളിന്മേൽ നിയമ പരിശോധന നടത്തിയശേഷം സൂചന 2 പ്രകാരം സാങ്കേതിക സമിതി താഴെപ്പറയുന്ന വ്യവസ്ഥകളോടെ അനുമതി നൽകി.

1. സേവനം സൗജന്യമായിരിക്കണം.
2. കുട്ടികളുടെ സെൻസിറ്റീവ് ആയ വ്യക്തിഗത വിവരങ്ങൾ (യു.ഐ.ഡി., മൊബൈൽ നമ്പർ, ഇ-മെയിൽ ഉൾപ്പെടെ) ഒന്നും ശേഖരിക്കരുത്.
3. കൈറ്റിന് (സർക്കാരിന്) അപ്‌ലോഡ് ചെയ്യുന്ന ഡാറ്റയിൽ മാസ്റ്റർ കൺട്രോൾ ഉണ്ടായിരിക്കണം.
4. പരസ്യങ്ങൾ പാടില്ല.

സൂചന 3 പ്രകാരം നടന്ന യോഗത്തിൽ ഓൺലൈൻ പഠനത്തിന് ആദ്യഘട്ടത്തിൽ ജി-സ്യൂട്ട് ഫോർ എഡ്യൂക്കേഷൻ പ്ലാറ്റ്ഫോം പ്രയോജനപ്പെടുത്താൻ തീരുമാനിച്ചു. സൂചന 4 പ്രകാരം നടന്ന കൈറ്റ് ഡയറക്ടർ ബോർഡ് യോഗത്തിൽ നിർദേശം അംഗീകരിക്കുകയും തുടർന്ന് സൂചന 6 പ്രകാരം ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. സൂചന 5 ലെ യോഗത്തിൽ

വി.എച്ച്.എസ്.ഇ/പ്ലസ് ടു ക്ലാസുകളിൽ ട്രയൽ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു. കേവലം വീഡിയോ കോൺഫറൻസിംഗ് പ്ലാറ്റ്ഫോം എന്നതിലുപരി സമഗ്രമായ ഒരു ലേണിംഗ് മാനേജ്മെന്റ് സംവിധാനമായാണ് ഈ ഓൺലൈൻ പ്ലാറ്റ്ഫോം പ്രയോജനപ്പെടുത്തുന്നത്.

**ജി-സ്യൂട്ടിന്റെ (ഗൂഗിൾ വർക്ക് സ്പേസ് ഫോർ എഡ്യുക്കേഷൻ) പ്രത്യേകതകൾ**

1. കേരളത്തിലെ മുഴുവൻ സർക്കാർ - എയ്ഡഡ് - അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെയും അധ്യാപകർക്കും കുട്ടികൾക്കും ഈ പ്ലാറ്റ്ഫോമിൽ പ്രത്യേക ലോഗിൻ സൗകര്യം ഉണ്ടായിരിക്കും. ഇത് kiteschool.in എന്ന പൊതുഡൊമൈനിന് കീഴിലായിരിക്കും. ഇത് അധ്യാപകർക്ക് tr*PEN*@kiteschool.in എന്നും വിദ്യാർഥികൾക്ക് s*SchoolCode.AdmissionNumber*@kiteschool.in എന്ന രൂപത്തിലും ആയിരിക്കും. (ഉദാ: 12345 PEN നമ്പരായുള്ള അധ്യാപകരുടെ ഐ.ഡി tr12345@kiteschool.in എന്നും 11011 എന്ന സ്കൂൾ കോഡിൽ 12345 അഡ്മിഷൻ നമ്പരായുള്ള കുട്ടികൾക്ക് s11011.12345@kiteschool.in എന്നും ആയിരിക്കും).

2. പൊതുപ്ലാറ്റ്ഫോമിലേക്ക് കുട്ടികളുടെയോ അധ്യാപകരുടെയോ വ്യക്തി വിവരങ്ങൾ ഒന്നും പങ്കുവെക്കേണ്ട ആവശ്യമില്ല. ഈ ഡൊമൈനിൽ പുറത്തുള്ളവർക്ക് ഓൺ ലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻ കഴിയാത്ത വിധത്തിൽ Internal Permission സെറ്റ് ചെയ്യും. അധ്യാപകർ ക്ഷണിക്കപ്പെടുന്നവർക്ക് മാത്രമാണ് ക്ലാസുകളിൽ പങ്കെടുക്കാൻ കഴിയുക. Anonymous ആയി ക്ലാസ്റൂമിൽ പ്രവേശിക്കാൻ കഴിയില്ല. പ്രവേശിക്കുന്നവരെ കൃത്യമായി ട്രാക്ക് ചെയ്യാം. ഇതുവഴി ഓൺലൈനിൽ സ്വകാര്യതയും സുരക്ഷയും ഉറപ്പാക്കാനും ക്ലാസുകളിൽ അനധികൃതമായി പ്രവേശിക്കുന്നത് തടയാനും അവസരം ലഭിക്കുന്നു.

3. ഗൂഗിൾ ക്ലാസ് റൂമിലാണ് അധ്യാപകരും കുട്ടികളും ലോഗിൻ ചെയ്യേണ്ടത്. തത്സമയ സംവേദനം (ഇന്ററാക്ഷൻ) സാധ്യമാക്കാനുള്ള ഗൂഗിൾ മീറ്റ് ലിങ്കുകൾ ഇപ്രകാരം ഗൂഗിൾ ക്ലാസ്റൂമിൽ ലോഗിൻ ചെയ്താൽ ലഭ്യമാകും. ആവശ്യമില്ലാത്ത സന്ദർഭങ്ങളിൽ ഇത് Disable ചെയ്യാം.

4. ഓരോ വിഭാഗം ഉപയോക്താക്കൾക്കും (അധ്യാപകർ, വിദ്യാർഥി) പ്രത്യേക 'പെർമിഷനുകൾ' പ്ലാറ്റ്ഫോമിൽ ക്രമീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ക്ലാസുകൾ തിരിച്ചും വിഷയങ്ങൾ തിരിച്ചും സ്കൂൾതലത്തിൽ കുട്ടികളുടെ ഗ്രൂപ്പ് ഉണ്ടാക്കാനാകും. സ്കൂൾ അഡ്മിനിസ്ട്രേറ്റർക്ക് ക്ലാസുകളും യൂസറെയും നിയന്ത്രിക്കുന്നതിനുള്ള (ഗൂഗിൾ മീറ്റ് Disable ചെയ്യുക, Mute ചെയ്യുക, സ്ക്രീൻ ഷെയർ കൺട്രോൾ, ചാറ്റ് കൺട്രോൾ തുടങ്ങിയവ) 'ഹോസ്റ്റ് കൺട്രോൾ' സൗകര്യങ്ങൾ ലഭ്യമാണ്. കുട്ടികളുടെ പാസ്‌വേർഡ് മറന്നുപോകുന്ന സാഹചര്യത്തിൽ അവ റീസെറ്റ് ചെയ്തു നൽകാനും സ്കൂൾതലത്തിൽത്തന്നെ സംവിധാനം പ്ലാറ്റ്ഫോമിൽ ക്രമീകരിച്ചിട്ടുണ്ട്.

5. എടുക്കുന്ന ക്ലാസുകൾ തത്സമയം തന്നെ റെക്കോർഡ് ചെയ്യാനും ക്ലാസിൽ പങ്കെടുക്കാത്ത കുട്ടികൾക്ക് പിന്നീട് റെക്കോർഡ് ചെയ്തതിന്റെ ലിങ്ക് നൽകാനും ഉള്ള സൗകര്യം ലഭ്യമാണ്.

6. ഗൂഗിൾ ക്ലാസ് റൂമിനകത്തെ ഡ്രൈവ് പ്രയോജനപ്പെടുത്തുന്നതിനാൽ ക്ലാസുകൾ റെക്കോർഡ് ചെയ്യാനും കാണാനും പറ്റുന്നതിനുപുറമേ, മറ്റു ആപ്ലിക്കേഷനുകൾ പ്രയോജനപ്പെടുത്താനും പ്രത്യേക സ്റ്റോറേജ് സ്പേസ് (മൊബൈൽ ഫോണിൽ ഉൾപ്പെടെ) ആവശ്യമായി വരുന്നില്ല.

7. തത്സമയ ക്ലാസുകൾ നൽകുന്നതോടൊപ്പം കുട്ടികൾക്ക് സംശയനിവാരണത്തിനും വിവിധ അസൈൻമെന്റുകൾ നൽകാനും ക്വിസ് രൂപത്തിൽ ചോദ്യങ്ങൾ ചോദിക്കാനും അവസരമൊരുക്കും. പ്ലാറ്റ്ഫോമിലെ ക്ലാസ് റൂമിനകത്ത് കുട്ടികൾ അപ്‌ലോഡു ചെയ്യുന്ന പ്രവർത്തനങ്ങൾ അധ്യാപകർക്ക് ഓൺലൈനായി മൂല്യനിർണയം നടത്താം. ആവശ്യമെങ്കിൽ മാർക്കുകൾ / ഗ്രേഡുകൾ നൽകാനും ഹാജർ രേഖപ്പെടുത്താനും സൗകര്യമുണ്ട്.

8. താഴെപ്പറയുന്ന ആപ്പുകൾ പ്ലാറ്റ്ഫോമിൽ ലഭ്യമാണ്.

| SL No | Services available | Uses & Details |
|---|---|---|
| 1 | Assignments | ഗൂഗിൾ ക്ലാസ്റൂമിനോടൊപ്പം ഉപയോഗിക്കുന്ന അസൈൻമെന്റ് സംവിധാനം. |
| 2 | Calendar | ഓൺലൈൻ കലണ്ടർ - ക്ലാസ്റൂമിനോടൊപ്പമുള്ള പ്രവർത്തനങ്ങൾ, ഓൺലൈൻ ടാസ്കുകൾ എന്നിവ രേഖപ്പെടുത്തുന്ന സംവിധാനം |
| 3 | Classroom | ക്ലാസ്റൂം ലേണിങ് മാനേജ്മെന്റ് സംവിധാനം |
| 4 | Drives & Docs | ഡാറ്റകൾ തയാറാക്കാനും സൂക്ഷിക്കാനും ഷെയർ ചെയ്യാനുമുള്ള സംവിധാനം. ടെക്സ്റ്റ് ഡോക്യുമെന്റ്, പ്രസന്റേഷൻ, സ്പ്രെഡ്ഷീറ്റ്, ഡ്രോയിങ്, ഫോം എന്നീ അപ്ലിക്കേഷനുകൾ Docs ൽ ലഭ്യമാണ്. |
| 5 | Gmail | മെയിൽ സർവീസ്. കൈറ്റ് ഡൊമൈനിൽ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. |
| 6 | Google chat & Classic Hangouts | ചാറ്റ് റൂം സംവിധാനം, വീഡിയോ, വോയ്സ് കോളുകൾക്കായി Hangout ഉപയോഗിക്കാം- അധ്യാപകർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു |
| 7 | Google Chrome Sync | വിവിധ ഡിവൈസുകളിലെ യൂസറുടെ ലോഗിൻ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും സിങ്ക് ചെയ്യുന്നതിനുമുള്ള സംവിധാനം- അഡ്മിനിസ്ട്രേഷൻ യൂസർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. |
| 8 | Google Meet | വീഡിയോ കോൺഫറൻസിങ് സംവിധാനം |
| 9 | Google vault | വർക്ക്സ്പെയ്സിലുപയോഗിക്കുന്ന eDiscovery സംവിധാനം. അഡ്മിനിസ്ട്രേഷൻ യൂസർക്കുള്ളത്. |

| | | |
|---|---|---|
| 10 | Groups for Business | ഗൂഗിൾ സർവീസ് ഉപയോഗവുമായി ബന്ധപ്പെട്ട അപ്ലിക്കേഷൻ. അഡ്മിനിസ്ട്രേഷൻ യൂസർക്കുള്ളത്. |
| 11 | Jamboard | ക്ലാസ്റൂമിൽ ഉപയോഗിക്കുന്ന വൈറ്റ് ബോർഡ് സംവിധാനം |
| 12 | Keep | ക്ലാസ്റൂം നോട്ടുകൾ തയാറാക്കാനും സൂക്ഷിക്കാനുള്ള സംവിധാനം - അധ്യാപർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു |
| 13 | Sites | വെബ്സൈറ്റ് തയാറാക്കുന്നതിനുള്ള സംവിധാനം - അഡ്മിനിസ്ട്രേറ്റർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു |
| 14 | Tasks | ഗൂഗിൾ സർവീസുകളിലെ വിവിധ ടാസ്കുകളെ സംയോജിപ്പിച്ച് ഉപയോഗിക്കാനുള്ള സംവിധാനം- അഡ്മിനിസ്ട്രേറ്റർക്കായി പരിമിതപ്പെടുത്തിയിരിക്കുന്നു. |

ഇതിൽ ആവശ്യമായ ആപ്പുകൾക്ക് മാത്രം അതത് സമയങ്ങളിൽ അധ്യാപകർക്ക് ആക്സസ് നൽകുന്നതായിരിക്കും. അതുപോലെ ചില സംവിധാനങ്ങൾ അഡ്മിനിസ്ട്രേറ്റർക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്.

9. സംസ്ഥാനം, ജില്ല, ഉപജില്ല, സ്കൂൾതലത്തിൽ ഉപയോഗം പരിശോധിക്കുന്നതിനുള്ള പ്രത്യേക ഓഡിറ്റിംഗ് മൊഡ്യൂൾ പ്ലാറ്റ്ഫോമിന്റെ ഭാഗമായി ഉണ്ട്. അതുപോലെ വിവിധ ഓൺലൈൻ ഗ്രൂപ്പുകൾ നിർമിക്കാനും സന്ദേശങ്ങൾ ഒരുമിച്ച് നൽകാനും (ഉദാ: സംസ്ഥാനതലത്തിൽ എല്ലാ അധ്യാപകർക്കും കുട്ടികൾക്കും എന്നിങ്ങനെ) സൗകര്യമുണ്ട്. കൈറ്റ് വിക്ടേഴ്സിലൂടെയുള്ള ഫസ്റ്റ്ബെൽ 2.0 ക്ലാസുകൾ, സമഗ്രവിഭവ പോർട്ടലിലെ വിഭവങ്ങൾ തുടങ്ങിയവയും ഇപ്രകാരം കുട്ടികൾക്ക് ലഭ്യമാക്കാം.

ജിസ്യൂട്ട് പ്ലാറ്റ്ഫോം ഉപയോഗിക്കുന്നതിനുള്ള പരിശീലനം എല്ലാ അധ്യാപകർക്കും കുട്ടികൾക്കും നൽകുന്നതാണ്. ഇതിനായി പ്രത്യേക പരിശീലന മൊഡ്യൂളുകൾ കൈററ് തയ്യാറാക്കിയിട്ടുണ്ട്. കൈറ്റ് വിക്ടേഴ്സ് ചാനലും പരിശീലനത്തിന് പ്രയോജനപ്പെടുത്തും. പൈലറ്റ് പ്രവർത്തനങ്ങളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പ്ലാറ്റ്ഫോമിൽ വരുത്തേണ്ട മാറ്റങ്ങൾ തുടർന്ന് ഉൾക്കൊള്ളിക്കുന്നതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി
പൊതുവിദ്യാഭ്യാസ ഡയറക്ടർ
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.കെ
} അറിവിലേക്കായി

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും (ജില്ലാ കോർഡിനേറ്റർ മുഖേന)
കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർ/മാസ്റ്റർ ട്രെയിനർമാർക്കും
സ്റ്റോക്ക് ഫയൽ



# ജി-സ്യൂട്ട് പ്ലാറ്റ്ഫോം

## അധ്യാപക പരിശീലന മൊഡ്യൂൾ

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION